# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1550/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/11/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1550/2023 തീയ്യതി: 16/11/2023

# തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീജ കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 23-09-2023 | 04-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-09-2023 | 04-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലക്ഷ്മി.വി.എസ്.നായർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ആശ.ജി.ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രീതാജാസ്മിൻ ഡി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രാജു.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ആർ.ഗിരിജ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ജി.പ്രീതിനാഥ് | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ.മനോജ് ടി.ആർ | സെക്രട്ടറി | 01-06-2022 | 02-10-2022 |
| ശ്രീമതി.ആർ അനിത | സെക്രട്ടറി | 03-10-2022 | 31-03-2023 |
| ശ്രീമതി.ആൻസി.ആർ.ജെ | കൃഷിഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ലേഖ ജോർജ്ജ് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.ലിജ എസ്.എൽ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി | 01-04-2022 | 26-04-2022 |
| ഡോ.റെജിനോൾഡ്.ടി.ഐ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി | 27-04-2022 | 09-01-2023 |
| ഡോ.വിജിഷ്.ഡബ്യൂ.എസ് | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി | 10-01-2023 | 31-03-2023 |
| ഡോ.സബിതസെലിൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.റോഷ്നി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.മഞ്ജുഷ | വി.ഇ.ഒ (A Circle) | 01-04-2022 | 29-10-2022 |
| ശ്രീമതി.ദീപു | വി.ഇ.ഒ ((A Circle) | 04-11-2022 | 31-03-2023 |
| ശ്രീമതി.പുഷ്പം | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി.സൗമ്യ.എസ് | എ.ഇ | 01-04-2022 | 31-03-2023 |
| ശ്രീമതി.രമ്യ | ഡയറി ഫാംഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.റ്റി.ആർ.മനോജ് | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.സിന്ധു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സ്മിത രാജ് | വി.ഇ.ഒ (Bcircle) | 01-04-2022 | 01-10-2022 |
| ശ്രീമതി.പ്രിയ | വി.ഇ.ഒ (Bcircle) | 16-10-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | വരവിനേക്കാള്‍ കൂടുതല്‍ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങള്‍ പ്രകാരമുള്ള എല്ലാ പത്രികകളും വാര്‍ഷിക കണക്കില്‍ ഉള്‍പ്പെട്ടിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ രേഖപ്പെടുത്തലുകള്‍ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ജേണല്‍ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയില്‍ അനുബന്ധ രേഖകള്‍ ഇല്ല. | 1-1-4 |
| 6 | തന്‍വര്‍ഷം പൂര്‍ത്തികരിക്കാത്ത ചെലവിന് അനുസൃതമായി പ്രൊവിഷന്‍ രേഖപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | വാര്‍ഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയില്‍ ആവശ്യമായ രജിസ്റ്ററുകള്‍ സൂക്ഷിക്കുന്നില്ല. | 1-1-6 |
| 8 | ഓഡിറ്റില്‍ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയില്‍ രജിസ്റ്ററുകള്‍ സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | രജിസ്റ്ററിലെ രേഖപ്പെടുത്തലുകള്‍ വാര്‍ഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | തുക ചെലവ് ചെയ്ത ഉദ്ദേശം പ്രതിഫലിക്കുന്ന ശീര്‍ഷകത്തില്‍ ബുക്ക് ചെയ്തിട്ടില്ല | 1-1-9 |
| 11 | നികുതി നികുതിയേതര വരുമാനങ്ങളില്‍ സമയബന്ധിതമായി ഡിമാന്റ് എന്‍ട്രികള്‍ രേഖപ്പെടുത്തുന്നില്ല | 1-1-10 |
| 12 | ഡിപ്രീസിയേഷന്‍ തുക ആസ്തിയേക്കാള്‍ അധികം | 1-1-11 |
| 13 | ഗ്രാമപഞ്ചായത്തില്‍ നിലവിലുള്ള അക്കൌണ്ടുകളുടെ വിവരങ്ങള്‍ ധനകാര്യപത്രികയില്‍ ഉള്‍പ്പെടുത്തുന്നില്ല. | 1-1-12 |
| 14 | ചെലവഴിക്കാന്‍ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകള്‍ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല - ബാലന്‍സ് ഷീറ്റ് പത്രിക | 1-1-13 |
| 15 | ചെക്ക് നിക്ഷേപിച്ചു- ബാങ്കില്‍ കളക്ട് ആയില്ല | 1-1-14 |
| 16 | നല്‍കി മൂന്ന് മാസത്തില്‍ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകള്‍ Stale Cheque ശീര്‍ഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-15 |
| 17 | ബാങ്ക് ബുക്കിലെ രേഖപ്പെടുത്തലില്‍ അപാകങ്ങള്‍ | 1-1-16 |
| 18 | ധനകാര്യപത്രികയില്‍ രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേര്‍ത്തിരിക്കുന്ന അക്കൗണ്ടുകളുടെ റിക്കണ്‍സിലേഷന്‍ ഉള്‍പ്പെടെയുള്ള ബാങ്ക് | 1-1-17 |

| | | |
|---|---|---|
| | സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | |
| 19 | വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ മൂല്യനിർണയം നടത്തിയിട്ടില്ല | 1-1-18 |
| 20 | മറ്റ് അപാകതകൾ | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഗ്രാന്റ് വിനിയോഗം | 1-4 |
| 24 | പദ്ധതി അവലോകനം | 1-5 |
| 25 | ക്ഷേമപദ്ധതികൾ | 1-6 |
| 26 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 27 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 28 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 29 | തൊഴിലുറപ്പ് പദ്ധതി - വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ | 1-9-1 |
| 30 | ഫലവൃക്ഷത്തൈപരിപാലനം - അപാകതകൾ | 1-9-2 |
| 31 | ഭരണസമിതി യോഗമിനിട്സുകൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല | 1-10 |
| 32 | ഭരണസമിതി തീരുമാനങ്ങളുടെ തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1- 10-1 |
| 33 | മാർക്കറ്റ് ലേലം സ്ഥിരപ്പെടുത്തി നൽകിയതിൽ ഉദ്യോഗസ്ഥ -ഭരണതലത്തിൽ വീഴ്ച- ലേല തുക നഷ്ടപ്പെടാൻ സാധ്യത | 1-11 |
| 34 | കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ വികസനപ്രവർത്തനങ്ങളിൽ ജാഗ്രത പുലർത്തേണ്ടതാണ്. | 1-12 |
| 35 | ഡി&ഒ ലൈസൻസ് ഫീ പൂർണ്ണമായി ഈടാക്കുന്നില്ല. | 1-13 |
| 36 | തനത് വരവ് ശേഖരണം സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കിയിട്ടില്ല. | 1-14 |
| 37 | കെട്ടിടങ്ങളുടെ തുടർപരിശോധന നടത്തുന്നില്ല. തുടർനടപടി അനിവാര്യം. | 1-15 |
| 38 | അനധികൃതകെട്ടിടങ്ങളുടെ രജിസ്റ്റർ നിയമാനുസൃതം തയ്യാറാക്കിയിട്ടില്ല. | 1-15-1 |
| 39 | കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ പൂർണ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നില്ല. | 1-15-2 |
| 40 | പഞ്ചായത്തിൽ നിന്നും നിർമ്മാണാനുമതി സമ്പാദിക്കാതെ ശിവലിംഗ മാതൃകയിലുള്ള കെട്ടിടം നിർമ്മിച്ചത് ചട്ട വിരുദ്ധം, തുടർനടപടി അനിവാര്യം. | 1-15-3 |
| 41 | ഗുണഭോക്താവിന്റെ മരണശേഷം അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക അനുവദിച്ചു. തുക തിരികെ ഈടാക്കണം | 1-16 |
| 42 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക കൈമാറി-1,44,000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-17 |

| | | |
|---|---|---|
| 43 | ചെലവുരേഖകൾ ഹാജരാക്കിയില്ല- 4,97,849/- രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 44 | ഭരണസമിതി തീരുമാനം സെക്രട്ടറി നടപ്പിലാക്കിയില്ല.പലിശയിനത്തിൽ നഷ്ടം സംഭവിക്കുന്നു. | 1-19 |
| 45 | ഗ്രാന്റിനത്തിൽ ലഭ്യമായ തുകകൾ ചെലവഴിക്കാത്തതിന് കാരണം വ്യക്തമല്ല. | 1-20 |
| 46 | കാർഷിക മേഖലയിലെ പദ്ധതികളുടെ നിർവഹണം- അപാകങ്ങൾ പരിഹരിക്കണം. | 1-21 |
| 47 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന ചെലവുരേഖകൾ ഹാജരാക്കിയില്ല- 5,30,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-22 |
| 48 | ഖരമാലിന്യം തരംതിരിക്കൽ- നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു | 1-23 |
| 49 | ദുരിതാശ്വാസ നിധി രൂപീകരണം | 1-24 |
| 50 | നോൺഅവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ മരുന്നുകൾ വാങ്ങി. | 1-25 |
| 51 | വികസന ഫണ്ട് ( എസ്.സി.പി) ഇനത്തിൽ കുറവുവന്ന തുക ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിച്ചില്ല. | 1-26 |
| 52 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.50000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-27 |
| 53 | മരുന്നു വാങ്ങൽ പദ്ധതി-മരുന്ന് ലഭ്യമായില്ല | 1-28 |
| 54 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-1260998/-രൂപ തടസ്സപ്പെടുത്തുന്നു. | 1-29 |
| 55 | കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- 125000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-30 |
| 56 | മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ-ചെലവ് തുക (297699/-രൂപ) തടസ്സപ്പെടുത്തുന്നു. | 1-31 |
| 57 | തോട്ടിൻകര ശിശുമന്ദിരം- കുട്ടികളുടെ ഹാജർ പരിപാലിക്കുന്നതിലെ അപാകത | 1-32 |
| 58 | മര്യാപുരം ടേക്ക് എ ബ്രേക്ക് പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-33 |
| 59 | സി.വി.രാമൻപിള്ള മെമ്മോറിയൽ ലൈബ്രറിയിൽ ടോയിലറ്റ് നിർമ്മാണം- അപാകത-152538/-രൂപ തടസ്സപ്പെടുത്തുന്നു. | 1-34 |
| 60 | ഇ- ടെണ്ടർ ഫോറവില ഈടാക്കുന്നത് സംബന്ധിച്ച് | 1-35 |
| 61 | ആസ്തി രജിസ്റ്റർ അപൂർണ്ണം | 1-36 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ  ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 04.08.2023 ലെ 5(1) -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 04.08.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെങ്കൽ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെങ്കൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-1-1 വരവിനേക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ (223627087) കൂടുതൽ ചെലവ് (230282109) ബുക്ക് ചെയ്തിരിക്കുന്നു.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, നോട്സ് ഓൺ അക്കൗണ്ട്സ്, എന്നിവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (2,01,15,617/-) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (5,37,56,185/-) പൊരുത്തപ്പെടുന്നില്ല.

### 1-1-4 ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

വിവിധ ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിലുള്ള വിശദീകരണങ്ങൾ, പ്രസ്തുത ജേണൽ എൻട്രിയുടെ ആവശ്യകത വ്യക്തമാക്കുന്ന രേഖകൾ 'ILGMS' ലോ മാനവലോ ലഭ്യമാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ജേണൽ വൗച്ചർ നം., തീയതി | തുക | ചെലവിനം |
|---|---|---|
| 42201636/31.03.2023 | 50,000/- | Salaries - Permanent Staff |
| 42201608/31.03.2023 | 4,80,000/- | State Share Life Expenditure 2022-23 |
| 42201601/31.03.2023 | 7,63,028/- | Fund For Transferred Institution-Ayurveda Captial |

## 1-1-5 തൻവർഷം പൂർത്തികരിക്കാത്ത ചെലവിന് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഉദാ- സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2023 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-6 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനങ്ങളിൽ വാർഷികധനകാര്യ പത്രികയിലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-7 ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ),(ജി)).

നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ വാടക/ലേല രജിസ്റ്ററുകൾ ഇപ്രകാരം സൂക്ഷിച്ചിട്ടില്ല.

## 1-1-8 രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിലെ രേഖപ്പെടുത്തലുകൾ ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| തൊഴിൽ നികുതി (ജീവനക്കാർ) (Current) | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | രേഖപ്പെടുത്തിയിട്ടില്ല | 1051950 | രേഖപ്പെടുത്തിയിട്ടില്ല |
| ധനകാര്യപത്രിക പ്രകാരം | 1097520 | 1053520 | 0 |

## 1-1-9 തുക ചെലവ് ചെയ്ത ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല

ഡെപ്പോസിറ്റ് വർക്കിനത്തിൽ കെ.എസ്.ഇ.ബി. യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ തുക, ബാധ്യത ശീർഷകത്തിൽ കുറവു വരുത്തി ക്രമീകരിച്ചിട്ടില്ല. ഡെപ്പോസിറ്റ് വർക്കിനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ (ധനകാര്യപത്രിക പ്രകാരം).

| സ്ഥാപനം | മുന്നിരിപ്പ് | തിരികെ ലഭ്യമായ തുക | നൽകിയ തുക (ലഡ്ജർ പ്രകാരം) | നീക്കിയിരിപ്പ് (B 18 പ്രകാരം) |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | 1230384 | 0 | * 1041010 | 2271394 |
| കേരള വാട്ടർ അതോറിറ്റി | 959678 | ** 0 | 0 | 959678 |

അപാകതകൾ

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

** കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, നെയ്യാറ്റിൻകര ഡിവിഷന്റെ 09.05.2022 ലെ KWA/WSDAB2/128/Utilization നമ്പർ കത്ത് പ്രകാരം 2015-16 കാലയളവ് മുതൽ 21-22 കാലയളവ് വരെ കുടിവെള്ള പദ്ധതിയ്ക്കായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുക വിനിയോഗിച്ചതിനു ശേഷമുള്ള അധികതുകയായ 32,206/- രൂപ ചെക്ക് നം. 726649/20.04.2022 പ്രകാരം തിരികെ ലഭ്യമാകുകയും ആയത് തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ധനകാര്യ പത്രികയിൽ ആയത് ശരിയായ ശീർഷകത്തിൽ ഉൾക്കൊള്ളിച്ച് നിലവിലെ ബാധ്യത ക്രമീകരിച്ചിട്ടില്ല. കൂടാതെ ഏതൊക്കെ പ്രവൃത്തികളുടെ അധിക തുകയാണെന്നും വ്യക്തമാക്കിയിട്ടില്ല.
* 2022-23 വർഷം KSEB യ്ക്ക് നൽകിയ തുക 36,38,040/- രൂപ ആണ്.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വിവിധ പ്രോജക്ടുകൾ മുഖേന 2022-23 വർഷം ഡെപ്പോസിറ്റ് വർക്കിനത്തിൽ കെ.എസ്.ഇ.ബിയ്ക്ക് നൽകിയ തുകയുടെ (36,38,040/- രൂപ) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിലും ധനകാര്യപത്രികയിൽ ആയത് ക്രമീകരിച്ചിട്ടില്ല (വിവരങ്ങൾ ഖണ്ഡിക 4-2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്).

## 1-1-10 നികുതി നികുതിയേതര വരുമാനങ്ങളിൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

ഉദാ- വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

## 1-1-11 ഡിപ്രീസിയേഷൻ തുക ആസ്തിയേക്കാൾ അധികം

അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെക്കാൾ അധികം രേഖപ്പെടുത്തിയിരിക്കുന്നു.
ഉദാ- Accumulated Depreciation- Roads - (-44776346/-)

Asset - Roads - 36005448/-

## 1-1-12 ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള അക്കൌണ്ടുകളുടെ വിവരങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല.

ഹെൽത്ത് ഗ്രാന്റിന്റെ ആവശ്യത്തിനായി കാനറാബാങ്കിൽ ആരംഭിച്ച PFMS അക്കൌണ്ടിന്റെ വിവരങ്ങൾ (അക്കൗണ്ട് നം. 110043571614) ധനകാര്യപത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല (അക്കൗണ്ടിൽ ധനകാര്യ ഇടപാടുകളില്ല).

## 1-1-13 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല - ബാലൻസ് ഷീറ്റ് പത്രിക

ബി2 ൽ ICDS അക്കൗണ്ടിലെ നീക്കിയിരിപ്പ് 2755692/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ B17 പത്രികയിൽ ആയത് 2616046/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ICDS ന് വേണ്ടിയുള്ള രസീപ്റ്റ് തനത് ഫണ്ട് അക്കൗണ്ടിലും വന്നിട്ടുണ്ട് അതുകൊണ്ടാണ് ബാങ്ക് ബാലൻസും ലയബിലിറ്റിയുമായി പൊരുത്തപ്പെടാത്തത് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (നം. 36/04.10.2023) മറുപടി ലഭ്യമാക്കിയത്.

## 1-1-14 ചെക്ക് നിക്ഷേപിച്ചു- ബാങ്കിൽ കളക്ട് ആയില്ല

കേരള ഗ്രാമീൺ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിന്റെ (അക്കൗണ്ട് നം. 40348101052967) മാർച്ച് 2023 റീകൺസിലിയേഷൻ പത്രിക പ്രകാരം കാലാവധി കഴിഞ്ഞ 64758/- രൂപയുടെ ചെക്കുകൾ Cheque Deposited But Not Collected എന്നയിനത്തിൽ കാണുന്നു.

പ്രസ്തുത സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന വരവു തുകകൾ ഏതിനത്തിൽ വരവ് വച്ചിട്ടുണ്ടെന്നും തുക ലഭ്യമാകാത്തതിനാൽ, തുക ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത വ്യക്തിയെ അറിയിച്ച് നഷ്ടം ഈടാക്കാൻ സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

| Voucher No. | Date | തുക |
|---|---|---|
| 1210300910 | 07-01-2022 | 35,888/- |

| | | |
|---|---|---|
| 1210300911 | 07-01-2022 | 5,010/- |
| 1210300912 | 07-01-2022 | 5,000/- |

### 1-1-15 നൽകി മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

കേരള ഗ്രാമീൺ ബാങ്ക് തനത് ഫണ്ട് അക്കൌണ്ടിന്റെ (40348101052967) മാർച്ച് 2023 റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള കാലാവധി കഴിഞ്ഞ 7,500/- രൂപയുടെ ചെക്കുകൾ Liability In Respect Of Stale ചെക്ക് എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-16 ബാങ്ക് ബുക്കിലെ രേഖപ്പെടുത്തലിൽ അപാകങ്ങൾ

(എ) തനത് ഫണ്ട് അക്കൗണ്ടിന്റെ (കാനറാ ബാങ്ക് A/c No. 110035166323) ബാങ്ക് ബുക്കിലെയും ബാങ്ക് സ്റ്റേറ്റ്മെന്റിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

പാസ് ബുക്ക് പ്രകാരം 5 കോടി രൂപ 10.05.2022 ലാണ് വരവ് വന്നിരിക്കുന്നത്. എന്നാൽ ബാങ്ക് ബുക്കിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്നത് 09.05.2022 ലാണ്.

(ബി) തനത് ഫണ്ട് അക്കൗണ്ടിന്റെ (കാനറാ ബാങ്ക്) വരവുതുകകളിൽ ബാങ്ക് ബുക്കിലെയും ബാങ്ക് സ്റ്റേറ്റ്മെന്റിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| തീയതി | ബാങ്ക് ബുക്ക് പ്രകാരം വരവ് | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് |
|---|---|---|
| 05.04.2022 | 76550 | 0 |
| 02.04.2022 | 0 | 76430 |

വ്യത്യാസം 120/- രൂപ. പ്രസ്തുത തുക Marriage Certificate/Registration എന്നയിനത്തിൽ ആണ് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

### 1-1-17 ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ റിക്കൺസിലേഷൻ ഉൾപ്പെടെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| അക്കൗണ്ട് നം. | നീക്കിയിരിപ്പ് (RP40 B17 എന്നിവ പ്രകാരം) |
|---|---|
| Nationallised Bank Account Of Own Revenue Fund | 21141 |
| District Co Op Bank (20461201200001) | 13306 |
| TSB Own Fund 702051400000008 | 49211 |
| Treasury Acct Covid | 150984 |
| Canara Bank 358801011324 | 8646 |
| SBI 57060694959 | 21828 |

### 1-1-18 വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ മൂല്യനിർണയം നടത്തിയിട്ടില്ല

സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി B-14 Stock In Hand (Inventories)- ൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-19 മറ്റ് അപാകതകൾ

1. മുന്നിരിപ്പായി Other Advances എന്നയിനത്തിൽ 2,08,492/- രൂപ ക്രമീകരിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു (B-18). ആയത് സാമ്പത്തിക വർഷാവസാനവും ക്രമീകരിച്ചിട്ടില്ല. തുക ആർക്ക് നൽകിയതാണെന്നും ആയത് നാളിതുവരെ ക്രമീകരിക്കാത്തതിന് കാരണവും വ്യക്തമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം 36/04.10.2023)

2. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി അപ്ഡേറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലിന്റെ ആധികാരികത ബോധ്യപ്പെടാനായിട്ടില്ല.

3. Capital Contribution ഇനത്തിലെ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

| Capital Contribution | അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് | ധനകാര്യപത്രിക പ്രകാരം |
|---|---|---|
| | 4,72,997/- | 0/- |

4. എ.സി.ആർ പ്രകാരമുള്ള ചെലവ് സുലേഖ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ചെലവ് | |
|---|---|---|
| | എ.സി.ആർ | സുലേഖ |
| വികസനഫണ്ട് ജനറൽ | 18652456 | 22931490 |
| വികസനഫണ്ട് (എസ്.സി.പി.) | 2292334 | 9895548 |
| മെയിന്റൻസ് ഫണ്ട് (നോൺ റോഡ്) | 6162096 | 5182355 |
| മെയിന്റൻസ് ഫണ്ട് (റോഡ്) | 2234739 | 1275463 |

5. Prior Period Incomes എന്ന ശീർഷത്തിൽ വരവായി യഥാക്രമം 2,79,032/- , 39,700/-രൂപ രേഖപ്പെടുത്തിയിരിക്കുന്നു. വരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം 36/04.10.2023)

6. 01.04.2022 മുതൽ 31.03.23 വരെയുള്ള പേയ്മെന്റ് ഓർഡറുകളുടെ ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ പേയ്മെന്റ് ഓർഡർ ജനറേറ്റ് ചെയ്തിട്ടുണ്ടെങ്കിലും വൌച്ചർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ

| വൗച്ചർ നം | പേയ്മെന്റ് ഓർഡർ നം | തുക |
|---|---|---|
| രേഖപ്പെടുത്തിയിട്ടില്ല | 62240026500385 | 15000 |
| രേഖപ്പെടുത്തിയിട്ടില്ല | 62240026500410 | 128000 |
| രേഖപ്പെടുത്തിയിട്ടില്ല | 62240026500389 | 2378 |

7. ധനകാര്യകമ്മിഷൻ ഗ്രാന്റിനായുള്ള അക്കൌണ്ടിന്റെ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

| നീക്കിയിരിപ്പ് | |
|---|---|
| ധനകാര്യപത്രിക പ്രകാരം | 5505193 |
| കാഷ് ബുക്ക് പ്രകാരം | 5604436 |
| ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം | 5505193 |

കാഷ് ബുക്കിലെ വിവരങ്ങൾ പൊരുത്തപ്പെടുത്തുന്നതിനായുള്ള റീ കൺസിലിയേഷൻ പത്രിക ലഭ്യമാക്കിയിട്ടില്ല.

8. ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നുവെങ്കിലും ആയതിലെ വിവരങ്ങൾ ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

9. ധനകാര്യപത്രിക പ്രകാരം 2022-23 വർഷം മരാമത്ത് പ്രവർത്തികളുടെ ഇ-ടെണ്ടർ ഫീസിനത്തിൽ ലഭ്യമായിട്ടില്ല. ഈയിനത്തിൽ ജില്ലാപഞ്ചായത്തിൽ നിന്നോ , അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നോ കിട്ടാനുള്ള തുകയുടെ

വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

CANARA BANK AMARAVILA (110043571464) അക്കൗണ്ടിന്റെ മാർച്ച് 2023 റീകൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ ചേർത്തിരിക്കുന്ന ചെക്കുകൾ Cheqe Issued But Not Presented To Bank എന്നയിനത്തിൽ കാണുന്നു.

| Voucher No | Date | തുക |
|---|---|---|
| 22201475 | 31-03-2023 | 1,11,948.00 |

ഏപ്രിൽ 2023 മുതലുള്ള റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ILGMS ൽ തയാറാക്കിയിട്ടില്ലാത്തതിനാൽ തുക ബാങ്കിൽ നിന്നും പിൻവലിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമായിട്ടില്ല.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ബജറ്റ് |
|---|---|
| പാസാക്കിയ തീയതി | 30.03.2022 |
| ഭരണസമിതി തീരുമാനം നം | 1(1) |
| മുന്നിരിപ്പ് | 46,47,590 |
| പ്രതീക്ഷിത വരവ് | 34,97,41,266 |
| പ്രതീക്ഷിത ചെലവ് | 34,88,21,000 |
| നീക്കിയിരിപ്പ് | 55,67,856 |

ബജറ്റ് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് , നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. സെക്ഷൻ 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2022-23 ബജറ്റ് എസ്റ്റിമേറ്റിൽ ഇപ്രകാരം കുറിപ്പുകളോ വിശദീകരണങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല.

2)

(എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ, ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

4. ജെൻഡർ ബജറ്റ് (Annexure 11)

5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

ബജറ്റ് ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

(ബി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ

മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

(സി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിലും ജനറൽ കമ്മറ്റി മിനിട്ട്സിലും രേഖപ്പെടുത്തിയിട്ടില്ല.

3) ബജറ്റിൽ വകയിരുത്തലും ചെലവും.

2023-24 വർഷത്തെ ബജറ്റ് 28.03.2023 ലെ 1(1)- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ബജറ്റിന്റെ ഭാഗമായി 2022-23 വർഷത്തെ ബജറ്റ് പരിഷ്കരിച്ചതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന് ഭരണസമിതി അംഗീകാരം ലഭ്യമല്ല. ഗ്രാമപഞ്ചായത്തിലെ പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ടെങ്കിൽ ഭരണസമിതി തീരുമാനം, തീയതി എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയില്ല.

പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 214(6) പ്രകാരം അനിവാര്യ അടിയന്തിര സാഹചര്യത്തിലൊഴികെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടുള്ളതല്ല. 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ ചെലവ് ചെയ്യുന്നതിനു മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ട്. ഇപ്രകാരം അധികച്ചെലവ് കഴിഞ്ഞു വരുന്ന ആദ്യ കമ്മിറ്റി മീറ്റിങ്ങിൽ ബജറ്റ് പരിഷ്കരിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

എന്നാൽ പഞ്ചായത്തിൽ ഏതാനും ഹെഡുകളിൽ അധികച്ചെലവ് നടത്തിയെങ്കിലും ആയതിന് തുടർന്നുവന്ന പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയില്ല. അതിനുപകരം 2023-24 ബജറ്റ് പാസാക്കിയതിന്റെ ഭാഗമായി ഈ ഹെഡുകളിലെ ബജറ്റ് വകയിരുത്തൽ പരിഷ്കരിച്ചു. ചട്ടപ്രകാരം ഇത്തരത്തിൽ ബജറ്റ് പരിഷ്കരിച്ചാൽ ആ ബജറ്റ് പരിഷ്കരിച്ചതായി കണക്കാക്കുന്നില്ല. ഈ സാഹചര്യത്തിൽ ആയതിനാൽ താഴെപ്പറയുന്ന ഹെഡുകളിലെ ബജറ്റ് പരിഷ്കരണം അംഗീകരിക്കാൻ കഴിയില്ല.

| ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | AFS പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 2102002 | മറ്റ് ബത്തകൾ | 100000 | 128780 |
| 2201201 | വാർത്താവിനിമയ ചെലവുകൾ | 250000 | 348854 |
| 2207101 | അസാധാരണ ചെലവുകൾ | 100000 | 134865 |

നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം (നം.1(എ)/22.09.23) മുഖേന ചൂണ്ടിക്കാണിച്ചിരുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 9559356 |
| ഓഡിറ്റ് വർഷത്തെ വരവ് | 107070455 |
| ആകെ | 116629811 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53314270 |
| നീക്കിയിരിപ്പ് | 63315541 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 223627087/- രൂപയും ചെലവ് 230282109/-രൂപയുമാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19040883 | 19040883 | 23122490 | -4081607 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10936842 | 10936842 | 9895548 | 1041294 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 7264595 | 7264595 | 2292334 | 4972261 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 4739302 | 4739302 | 4865126 | -125824 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 14044000 | 14044000 | 1275463 | 12768537 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 9683000 | 9683000 | 5182355 | 4500645 |
| CSS | 0 | 0 | 0 | 2155629 | -2155629 |
| SSS | 0 | 0 | 0 | 2510790 | -2510790 |

ഗ്രാന്റ് പത്രികയുടെ പരിശോധനയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ട് ചെലവിനത്തിൽ ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം | എ.സി.ആർ | വാർഷിക ധനകാര്യ പത്രിക പ്രകാരം (I6 + Corresponding Capital Contribution) |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 22931490 | 18652456 | 24277490 |
| വികസന ഫണ്ട് ( എസ്.സി.പി) | 9895548 | 10329916 | 9895548 |
| വികസന ഫണ്ട് ( CFC Untied | 7157460 | 7157460 (4865126 + | 4805819<br>2441810 |

| | | | |
|---|---|---|---|
| And Tied | | 2292334) | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | * 1275463 | 2234739 | 1275463 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 5182355 | 6162096 | 4833955 |

2) വികസന ഫണ്ട് (ജനറൽ), ധനകാര്യകമ്മിഷൻ ഗ്രാന്റ് (സി.എഫ്.സി Untied) CSS Fund, SSS Fund എന്നിവയുടെ നീക്കിയിരിപ്പ് നെഗറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു.

3) ഹെൽത്ത് ഗ്രാന്റ് പ്രകാരമുള്ള വരവ് , ചെലവ് വിശദാംശങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.22, ഖണ്ഡിക 6.1 പ്രകാരം പട്ടികജാതി ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ പട്ടികജാതി ഉപപദ്ധതിക്കായി ലഭിച്ച ആകെ 1,06,03,000/- രൂപയിൽ( സംസ്ഥാന ബജറ്റ് അനുബന്ധം 2 പ്രകാരം ) 98,95,548 /- രൂപ (സുലേഖ പത്രിക പ്രകാരം ) മാത്രമാണ് ചെലവഴിച്ചത്.

5)സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന.,24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2022-23 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

2021-22 വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരമുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ എന്നിവ 2022-23 വർഷത്തിലും ചെലവഴിക്കാതെ അവശേഷിക്കുന്നു. 2022-23 വർഷം നീക്കിയിരിപ്പായി അവശേഷിക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | തുക | വിഹിതം നൽകിയ സ്ഥാപനം |
|---|---|---|---|
| 1 | 320700204 | 1835500 | ബ്ലോക്ക് പഞ്ചായത്ത് |
| 2 | 320700105 | 2050090 | ജില്ലാപഞ്ചായത്ത് |
| 3 | 320300199 | 7141557 | മറ്റ് സർക്കാർ ഏജൻസികൾ |

6) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 7791712 | 5417557 | 70% |
| | പട്ടിക ജാതി | - | - | - |

| | | | | |
|---|---|---|---|---|
| സേവനം | പൊതുവിഭാഗം | 89028687 | 38860929 | 44% |
| | പട്ടിക ജാതി | 18221858 | 9203427 | 51% |
| പശ്ചാത്തലം | പൊതുവിഭാഗം | 18619729 | 3135413 | 17% |
| | പട്ടികജാതി വിഭാഗം | 3595000 | 1492121 | 42% |

വിഹിതം പൂർണമായും ചെലവഴിക്കാത്തതിന് കാരണം വ്യക്തമല്ല.

പട്ടികജാതി വിഭാഗത്തിന് ഉത്പാദന മേഖലയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല.

7) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

8) പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ സന്നദ്ധ പ്രവർത്തകർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് "വാതിൽപ്പടി സേവനം". ഇതിനായി ആവശ്യമായ ലാപ്ടോപ്, ബയോമെടിക് ഉപകരണങ്ങൾ, അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപയിൽ അധികരിയ്ക്കാത്ത തുക വാർഷിക പദ്ധതിയിൽ നീക്കിവയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ തൻവർഷം പ്രസ്തുത പദ്ധതിയ്ക്കായി 1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും (പ്രോജക്ട് നം 256/23) പദ്ധതി നടപ്പിലാക്കിയിട്ടില്ല.

9) സ.ഉ( കൈ) നം 179/2022ധന തീയതി 18.10.22 ഉത്തരവ് പ്രകാരം തനത് വരുമാനത്തിൽ ഡിമാന്റ് ചെയ്യുന്ന 90% എങ്കിലും ശേഖരിക്കാത്ത പഞ്ചായത്തുകൾക്ക് മൂന്നാം ഗഡുവായി അനുവദിക്കുന്ന വികസനഫണ്ട് (പൊതുവിഭാഗം) ന്റെ 1% തുക ശിക്ഷ എന്നവിധത്തിൽ കുറവ് വരുത്തുന്നുണ്ട്. ഇപ്രകാരം ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട് (പൊതുവിഭാഗം) മൂന്നാം ഗഡുവിൽ നിന്നും 2,70,010/- രൂപ കുറവ് ചെയ്തിട്ടുണ്ട്. ഇപ്രകാരം തനത് വരുമാനം കുറയാനുള്ള കാരണം വ്യക്തമല്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.3/25.9.2023) മറുപടി ലഭ്യമാക്കിയില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.


## 1-5 പദ്ധതി അവലോകനം

1) 2022-23 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പ്രോജക്ടിനായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഗ്രാന്റ് ലഭ്യത, ചെലവഴിച്ച തുക എന്നിവ തമ്മിലുള്ള താരതമ്യം ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങൾ ഉൾപ്പെടുത്തിയത് (സ്ഥാപനം ലഭ്യമാക്കിയ കണക്കുകൾ പ്രകാരം).


| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 26398975 | 22931490 | 3467485 |
| വികസനഫണ്ട് എസ്.സി.പി | 11228025 | 9895548 | 1332477 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 9683000 | 5182355 | 4500645 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 14044000 | 1275463 | 12768537 |
| ആകെ | 61354000 | 39284856 | 22069144 |

ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.

(1)




2)




2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗു.വി. ഒഴികെ) | ചെലവ് | ചെലവ് ശതമാനം (%) |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 9 | 1 | 3382212 | 2682544 | 79.3 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 0 | 2854500 | 1896013 | 66.4 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 14 | 14 | 0 | 4832127 | 4280129 | 88.6 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 2 | 2 | 0 | 170000 | 169951 | 99 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 2 | 2 | 0 | 1225000 | 1225000 | 100 |
| വി.ഇ.ഒ | 20 | 17 | 3 | 33092394 | 11159352 | 33.7 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15 | 15 | 0 | 7853293 | 6571449 | 84 |
| സെക്രട്ടറി | 47 | 33 | 14 | 31988477 | 14812864 | 46.3 |
| എച്ച്.എം. | 6 | 4 | 2 | 1755000 | 1160648 | 66 |

| | | | | | | |
|---|---|---|---|---|---|---|
| എൽ.പി.എസ് | | | | | | |
| അസിസ്റ്റന്റ് എഞ്ചിനീയർ | 181 | 63 | 118 | 43739813 | 10624492 | 24.4 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 10 | 5 | 4673170 | 2436005 | 52.12 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 1500000 | 900000 | 60 |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം (%) |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 31966057 | 22931490 | 72 |
| എസ്.സി.പി. | 13434874 | 9895548 | 74 |
| ടി.എസ്.പി. | 0 | 0 | 0 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 12935372 | 7157460 | 55 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 15377965 | 2155629 | 14 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 14385623 | 2510790 | 18 |
| തനത് ഫണ്ട് | 4662637 | 3256829 | 70 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 7928712 | 1561670 | 20 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 10019960 | 1614632 | 16 |
| മെയിന്റനൻസ് റോഡ് | 14732199 | 1275463 | 8.7 |
| മെയിന്റനൻസ് നോൺ റോഡ് | 11227854 | 5182355 | 46.2 |
| മറ്റുള്ളവ | 28791660 | 689940 | 2 |
| ആകെ | 165857646 | 58608387 | 35 |

ആസൂത്രണ സമിതി

മാർഗ്ഗ രേഖയുടെ 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും നിഷ്കർച്ചിട്ടുണ്ട്. ആസൂത്രണസമിതി 15.12.2021 1(1)-ാം നമ്പർ തീരുമാനപ്രകാരം പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറി നം. 1 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 20.12.2021 1( 2)-ാം നമ്പർ തീരുമാന പ്രകാരമാണ് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ട്

നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന ഓരോ മേഖലിയിലേയും വികസന വിടവുകൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

ഗ്രാമസഭ

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ

വ്യവസ്ഥയാണ് .എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

പദ്ധതി അവലോകനം ചുവടെ ചേർക്കുന്നു.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം (%) |
|---|---|---|---|---|---|
| 319 | 176 | 143 | 137065986 | 57918447 | 42.2 |

<u>വായ്പ</u>

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയുമായി ചർച്ച നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

<u>തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം</u>

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച്, പദ്ധതികൾ ഏറ്റെടുത്തിട്ടില്ല.

<u>കുടുംബശ്രീ</u>

പാഥേയം പദ്ധതി ജില്ലാപഞ്ചായത്ത് സംയുക്ത പദ്ധതിയായാണ് നടപിപലാക്കിട്ടുള്ളതെന്നും,

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ മുഖാന്തിരമാണ് ഭക്ഷണവിതരണം നടപ്പിലാക്കിയിട്ടുള്ളത്.

<u>നൂതന പ്രോജക്ടുകൾ</u>

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

<u>CSRഫണ്ട്</u>

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ഉപയോഗിച്ചാണ് പാഥേയം പദ്ധതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ടിഫിൻ ബോക്സ് വാങ്ങിട്ടുണ്ട്.

<u>ആസ്തി രജിസ്റ്റർ</u>

മാർഗ്ഗരേഖ ഖണ്ഡിക 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കൃത്യമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ കാലികമാകി സൂക്ഷിക്കുന്നില്ല.
പദ്ധതിപ്പണം ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന വികസനത്തിലൂന്നി പരമാവധി ലക്ഷ്യപ്രാപ്തിക്കുതകുന്നവിധം സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി ചെലവുകൾ ചെയ്ത് പൂർത്തീകരിക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

## 1-6 ക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് ക്ഷേമപദ്ധതികൾക്കായി ചെലവു ചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 9452500 | 6378 |
| വാർദ്ധക്യകാലപെൻഷൻ | 28546500 | 19882 |
| വിധവ പെൻഷൻ | 14489500 | 9390 |
| വികലാംഗപെൻഷൻ | 7383200 | 4724 |

| | | |
|---|---|---|
| വിവാഹധനസഹായം | 270000 | 6 |
| തൊഴിൽ രഹിത വേതനം | Nil | Nil |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 619000 | 405 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.10.2023, 11.30AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4618/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തര നിയന്ത്രണ സംവിധാനം ജീവനക്കാരുടെ ജോലി വിഭജനത്തിന്റേയും കാലിക അവലോകനത്തിന്റേയും അടിസ്ഥാനത്തിൽ താഴെപറയുന്ന വിഷയങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

- തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ പഞ്ചായത്ത് അധികൃതരും ഭരണസമിതിയും കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.
- ഭരണസമിതി യോഗമിനിട്സുകൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല. പഞ്ചായത്ത് ഭരണസമിതി എടുത്ത ഭരണപരമായ തീരുമാനങ്ങൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനകം സെക്രട്ടറിയും പ്രസിഡന്റും അംഗീകാരം നൽകേണ്ടതാണ്.
- 2022-23 വർഷത്തിൽ വസ്തു നികുതി ഇനത്തിൽ എഴുതിതള്ളിയ കെട്ടിടങ്ങളുടെയും നികുതിയുടെയും വിവരങ്ങളും, രജിസ്റ്ററും ഓഡിറ്റിന് ലഭ്യമാക്കിട്ടില്ല.
- പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളുടേയും ലൈസൻസ് പുതുക്കേണ്ടതിനുള്ള നടപടി സ്വീകരിക്കുന്നതിനോടൊപ്പം ട്രേയ്ഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.
- അനധികൃത നിർമ്മാണങ്ങൾ നടത്തിയ വ്യക്തിക്ക് നോട്ടീസ് നൽകാവുന്നതും മതിയായ കാരണം കാണിക്കാത്ത സംഗതികളിൽ ഒരു ഉത്തരവിനാൽ നോട്ടീസ് സ്ഥിരപ്പെടുത്തുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതുമാണ്. ഇത്തരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
- 2022-23 വർഷത്തിൽ നമ്പർ നൽകിയ ആകെ കെട്ടിടങ്ങളുടെ എണ്ണവും അപ്രകാരം നൽകിയതിൽ ക്രമവത്ക്കരണം നടത്തി നൽകിയവ എത്രയെന്നുമുള്ള വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.
- പഞ്ചായത്ത് നൽകിയ പെർമിറ്റുകളുടെ വിവരങ്ങൾ അടങ്ങിയ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില അപേക്ഷകൾ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പരിശോധിച്ച് പെർമിറ്റ് നൽകയോ, സമയപരിധിയ്ക്കുള്ളിൽ നൽകാൻ സാധിക്കാത്തതിനുള്ള വിവരം പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, പെർമിറ്റ് ഫയലുകളിൽ അപാകങ്ങൾ ഉണ്ടെങ്കിൽ ആയത് അപേക്ഷകനെ രേഖാമൂലം അറിയിച്ചതിന്റെ രേഖകളോ രജിസ്റ്ററിൽ ലഭ്യമല്ല.
- ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 23589 | 13696 | 37285 | 11279 * | 26006 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക | 0 | 80359439 | 80359439 | 80359439 | 0 |
| ആകെ | 23589 | 80373135 | 80396724 | 80370718 | 26006 |

ധനകാര്യപത്രിക പ്രകാരം MGNREGS നായി പ്രത്യേക അക്കൌണ്ട് നിലവിലുണ്ടെങ്കിലും (SBI 67060019195) അഡ്മിൻ വരവുകൾ പ്രസ്തുത അക്കൌണ്ടിൽ ലഭ്യമാകുന്നില്ല. ആയത് വരവ് വയ്ക്കുന്നത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട്

അക്കൌണ്ടിലാണ്. ആകെ വരവ് I (6) പ്രകാരം 80370718/- ഉം I 14 (C) പ്രകാരം ചെലവ് 80359439/- ഉം ആണ്. വ്യത്യാസമുള്ള ഭരണച്ചെലവിലെ തുക 11279/- ധനകാര്യ പത്രികയിൽ ഏത് ശീർഷകത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമല്ല.

*I 14 (F) ൽ പ്രസ്തുത ചെലവ് തുക ഉൾപ്പെട്ടിട്ടില്ല.

## 1-9-1 തൊഴിലുറപ്പ് പദ്ധതി - വാർഷിക കണക്കുകളുമായി ബന്ധപ്പെട്ട പരാമർശങ്ങൾ

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) MGNREGS പേയ്മെന്റുകളിലെ ടാക്സ് മുതലായ ഡിഡക്ഷനുകൾ ക്രഡിറ്റ് ചെയ്യുന്നതിന് ഒരു പലിശരഹിത ഹോൾഡിംഗ് അക്കൌണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ യിൽ ആരംഭിക്കണമെന്ന് നിർദ്ദേശമുണ്ട് (MGNREGS ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ എ3/1269/2022/MGNREGSതീയതി 07.01.2023 നമ്പർ കത്ത്). പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ബാങ്ക് അക്കൌണ്ട് ആരംഭിച്ചുവെങ്കിലും 2022-23 വർഷം പ്രസ്തുത അക്കൌണ്ടിൽ സാമ്പത്തിക ഇടപാടുകൾ ഇല്ല. ധനകാര്യപത്രിക പ്രകാരം 2022-23 സാമ്പത്തിക വർഷം മെറ്റീരിയൽ വർക്കുകളിൽ കരാറുകാരുടെ പക്കൽ നിന്നും ടി.ഡി.എസ് ഇനങ്ങളിൽ തുക കുറവുചെയ്ത് തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. വരവുതുക ആയത് ക്രഡിറ്റ് ചെയ്യുന്നതിനായുള്ള അക്കൌണ്ടിൽ (ഹോൾഡിംഗ് അക്കൌണ്ടിൽ) വരവ് വച്ചിട്ടില്ല. (നം 20/30.09.2023). തുടർ സാമ്പത്തിക വർഷങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സാമ്പത്തിക ഇടപാടുകൾ നടത്തേണ്ടതാണ്.

(ബി) ധനകാര്യപത്രിക പ്രകാരം MGNREGS നായി പ്രത്യേക അക്കൌണ്ട് നിലവിലുണ്ടെങ്കിലും (SBI 67060019195) അഡ്മിൻ വരവുകൾ പ്രസ്തുത അക്കൌണ്ടിൽ ലഭ്യമാകുന്നില്ല. സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൌണ്ടിലാണ് പ്രസ്തുത വരവുകൾ ലഭ്യമാകുന്നത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 20/30.09.2023) ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ് " അഡ്മിൻ അക്കൌണ്ടിൽ കഴിഞ്ഞസാമ്പത്തിക വർഷത്തിൽ MIS ൽ General Vendor ID Create ചെയ്തിട്ടുള്ളതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷം മുതൽ Admin Vendor ID ആവശ്യമായി വന്നപ്പോൾ പ്രസ്തുത അക്കൌണ്ടിൽ Admin Fund നേരിട്ട് ലഭ്യമാക്കുവാൻ സാധ്യമാകാത്തത് കാരണമാണ് പഞ്ചായത്ത് തനത് ഫണ്ട് അക്കൌണ്ട് Admin Vendor അക്കൌണ്ട് ആയി മാറ്റിയത് . "

ഒരേ അക്കൌണ്ടിൽ നിന്നും (തനത് ഫണ്ട് അക്കൌണ്ട്) NREGS അഡ്മിൻ ചെലവുകൾക്ക് മുൻകൂർ അനുവദിക്കുന്നതും അതേ അക്കൌണ്ടിലേയ്ക്ക് റീക്രൂപ്പ് ചെയ്യുകയും ചെയ്യുന്നതിനാലും മുൻകൂർ നൽകിയ തുകയുടെയും ക്രമീകരിക്കുന്ന തുകയുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പഞ്ചായത്തിലോ എൻ ആർ ഇ ജി എസ് ന്റെ ഓഫീസിലോ ആധികാരിക രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാലും ധനകാര്യഇടപാടുകളുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല. ആയതിനാൽ NREGS ന്റെ ധനകാര്യഇടപാടുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക അക്കൗണ്ടുകൾ സൂക്ഷിക്കുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായപ്പെടുന്നു.

(സി) MGNREGS ക്യാഷ്ബുക്കിൽ 2022-23 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഭരണ ചെലവിനത്തിൽ ചെലവഴിച്ച ആകെ തുക, ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ ആകെ തുക എന്നിവ സംബന്ധിച്ച വാർഷിക സ്റ്റേറ്റ്മെന്റ് പ്രത്യേകം എഴുതി സൂക്ഷിച്ചിട്ടില്ല.

(ഡി) എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം മുൻകൂർ ഇനത്തിലെ 2022-23 സാമ്പത്തിക വർഷത്തെ മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1000719 |
| 2022-23 സാമ്പത്തിക വർഷം അഡ്വാൻസായി കൈപ്പറ്റിയത് | 2054026 |
| ആകെ | 3054745 |
| 2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്ത തുക | 1357797 |
| 2022-23 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് | 1696948 |

## 1-9-2 ഫലവൃക്ഷത്തൈപരിപാലനം - അപാകതകൾ

2022-23 വർഷം ഫലവൃക്ഷത്തൈ പരിപാലനം എന്ന പ്രവർത്തിക്കായി അവിദഗ്ധ വേതനമിനത്തിൽ 73,32,939/- നൽകിയിട്ടുണ്ട്.

സർക്കുലർ നം പി.എസ് 2/288/2018(ത.സ്വ.ഭ.വ)(1) തീയതി 29.05.2018 പ്രകാരം ഫലവൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം കുഴികൾ തയാറാക്കി വൃക്ഷത്തൈകൾ നടുന്നതിനും തുടർന്ന് വെള്ളമൊഴിച്ച് പരിപാലിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ മസ്റ്റർ റോൾ ജനറേറ്റ് ചെയ്യാവുന്നതും അവിദഗ്ധ തൊഴിലിനുള്ള അനുവദനീയമായ വേതനം നൽകാവുന്നതുമാണ്. പരിപാലന ചുമതല നിർവഹിക്കുന്ന അയൽക്കൂട്ട അംഗത്തിനുള്ള കൂലി വൃക്ഷത്തൈകളുടെ അതിജീവനത്തിന്റെ (ഓരോ മാസവും ആകെ നട്ട വൃക്ഷത്തൈകളിൽ എത്ര എണ്ണം അതിജീവിച്ചു ) നിരക്കിൽ നൽകാവുന്നതാണ്.

പ്രസ്തുത പ്രവർത്തികളുമായി ബന്ധപ്പെട്ട് ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

. പരിപാലനത്തിനായി ഓരോ അയൽക്കൂട്ടത്തിനും നൽകുന്ന വൃക്ഷത്തൈകൾ സംബന്ധിച്ചും അതിൽ ഓരോ അയൽക്കൂട്ടത്തിനും പരിപാലനചുമതല നൽകിയിട്ടുള്ള വൃക്ഷത്തൈകൾ സംബന്ധിച്ചും രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും ആയവയുടെ അതിജീവനത്തിന്റെ അടിസ്ഥാനത്തിൽ വാല്യുവേഷൻ നടത്തി കൂലി നൽകേണ്ടതുമാണ്. ഇത്തരത്തിലുള്ള രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല.

. വൃക്ഷത്തൈകളുടെ അതിജീവനത്തെ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് , അക്രഡിറ്റഡ് എഞ്ചിനീയർ(NREGS) / ഓവർസീയർ( NREGS) എന്നിവർ നടത്തിയ ഫീൽഡ് തല റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിലാണ് അവിദഗ്ധവേതനം അനുവദിക്കേണ്ടത്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകളിലൊന്നും ഇത്തരത്തിലുള്ള റിപ്പോർട്ട് ഉള്ളടക്കം ചെയ്തിട്ടില്ല.

. വൃക്ഷത്തൈകളുടെ പരിപാലന പ്രവർത്തനവും അതിജീവനവും ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും കൃഷി ഓഫീസർ കൺവീനർ ആയിട്ടുമുള്ള മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

. പ്രവർത്തി ആരംഭിക്കുന്നതിന് മുൻപും പൂർത്തിയാക്കിയതിന് ശേഷവുമുള്ള ഫോട്ടോകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

വരും വർഷങ്ങളിൽ ഫയലുകളിൽ മതിയായി രേഖകൾ ഉൾക്കൊള്ളിച്ചുകൊണ്ടും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും പ്രവർത്തി നിർവഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം 20/30.09.2023)

## 1-10 ഭരണസമിതി യോഗമിനിട്സുകൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണസമിതിയോഗം പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് വച്ച് സെക്രട്ടറി വായിച്ച ശേഷം, യോഗം തീർന്നാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.അംഗീകരിച്ച തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗനടപടികുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷന്റെ അംഗീകാരത്തിന് നൽകേണ്ടതാണ്. ആയത് ലഭിച്ച് 24മണിക്കൂറിനകം പ്രസിഡന്റ് സെക്രട്ടറിയ്ക്ക് തിരിച്ച് നൽകേണ്ടതാണ്. അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻതന്നെ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ ഭരണതലത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗമിനിട്ട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങളുടെ അറിവിലേയ്ക്ക് നൽകുന്നതിൽ പ്രസിഡന്റും സെക്രട്ടറിയും തങ്ങളുടെ ഭരണപരമായ ചുമതലകൾ നിർവഹിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് ഭരണസമിതി എടുത്ത ഭരണപരമായ തീരുമാനങ്ങൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനകം സെക്രട്ടറിയും പ്രസിഡന്റും അംഗീകാരം നൽകാത്തതിനുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് കമ്മിറ്റി കൂടിയ തിയതി | മിനിട്സ് സെക്രട്ടറി അംഗീകരിച്ച തിയതി. | മിനിട്സ് പ്രസിഡന്റ് അംഗീകരിച്ച തിയതി. |
|---|---|---|
| 28/3/2023 | 19/4/2023 | 19/4/2023 |
| 25/3/2023 | 21/6/2023 | 22/6/2023 |
| 17/3/2023 | 11/5/2023 | 11/5/2023 |
| 9/3/2023 | 21/6/2023 | 21/6/2023 |

| | | |
|---|---|---|
| 25/2/2023 | 12/6/2023 | 12/6/2023 |
| 22/2/2023 | 16/6/2023 | 16/6/2023 |
| 15/2/2023 | 30/3/2023 | 30/3/2023 |
| 3/2/2023 | 21/3/2023 | 21/3/2023 |
| 17/1/2023 | 20/4/2023 | 20/4/2023 |
| 10/1/2023 | 16/6/2023 | 16/6/2023 |
| 21/12/2022 | 20/2/2023 | 20/2/2023 |
| 12/12/2022 | 23/5/2023 | 23/5/2023 |

മേൽ വിവരിച്ചതിൻ നിന്നും ഭരണസമിതി അംഗീകരിച്ച തീരുമാനങ്ങൾ 5മാസം കഴിഞ്ഞാണ് സെക്രട്ടറിയും ,പ്രസിഡന്റും അംഗീകരിച്ചതെന്ന് വ്യക്തമാകുന്നു.ചട്ടപ്രകാരമുള്ള കാലയളവിൽ മിനിട്സ് പൂർത്തീകരിച്ച് പ്രസിദ്ധപ്പെടുത്താത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 25/23-ന് മറുപടി ലഭ്യമാക്കിയില്ല.ചട്ടപ്രകാരം മിനിട്സുകൾ നിശ്ചിത സമയത്തിനകം അംഗീകാരം നൽകാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.അന്വേഷണകുറിപ്പ് 25/23-ന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1- 10-1 ഭരണസമിതി തീരുമാനങ്ങളുടെ തുടർനടപടി വിവരങ്ങൾ ലഭ്യമാക്കിയില്ല.

2022-23 സാമ്പത്തിക വർഷത്തിൽ ഭരണസമിതി യോഗ തീരുമാനങ്ങൾ പരിശോധിച്ചതിൽ ഭരണസമിതി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കുന്ന അധികവിവരങ്ങൾ ലഭ്യമാക്കാൻ അന്വേഷണകുറിപ്പ് 26/23 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും പഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല.

21/6/2022-ലെ പ്രധാന കമ്മിറ്റി തീരുമാനം ചുവടെ ചേർക്കുന്നു.

1.
6.അജണ്ട :-
ശ്രീമതി വിജില ഹൈക്കോടതിയിൽ സമർപ്പിച്ച കേസ് സംബന്ധിച്ച്
ഫയൽ നമ്പർ :- എ1, തീരുമാനം നമ്പർ :- 1

ചെങ്കൽ ഗ്രാമപഞ്ചായത്തിലെ FHC യിൽ സ്റ്റാഫ് നേഴ്സായ ശ്രീമതി വിജില, എന്നവർ ടിയാരിയുടെ ശമ്പളം 2021 ഡിസംബർ മാസം മുതൽ നൽകുന്നില്ല എന്നും ആർദ്രം പദ്ധതി പ്രകാരമാണ് തന്നെ നിയമിച്ചിട്ടുള്ളതെന്നും നിലവിൽ നൽകുന്ന ശമ്പളം സംബന്ധിച്ചും ബഹു.കേരള സംസ്ഥാന ഹൈക്കോടതിയിൽ W P (C) 16570/2022 ആയി സമർപ്പിച്ച കേസ് കമ്മിറ്റി ചർച്ച ചെയ്തു. തുടർന്ന് ഈ കേസിൽ യഥാക്രമം 3,4,5 എന്നീ എതിർ കക്ഷികളായി പരാതിക്കാരി നൽകിയിരിക്കുന്ന മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി, ചെങ്കൽ ഗ്രാമപഞ്ചായത്ത്, സെക്രട്ടറി, ചെങ്കൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതി എന്നിവർക്ക് വേണ്ടി ബഹു.ഹൈക്കോടതിയിൽ ഹാജരാകുവാൻ അഡ്വ. സൂര്യയെ ചുമതലപ്പെടുത്തുവാൻ കമ്മിറ്റി തീരുമാനിച്ചു.

പ്രസ്തുത കരാർ ജീവനക്കാരി ശമ്പളം ലഭിക്കുന്നതിന് വേണ്ടി ഹൈകോടതിയിൽ കേസ് നൽകാനുണ്ടായ സാഹചര്യവും, ആയതിന് പഞ്ചായത്ത് തുക ചെലവാക്കുവാനുമുള്ള കാരണവും ടിയാൾക്ക് ശമ്പളക്കുടിശ്ശിക നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കേണ്ടതാണ്.

2.യോഗ തീയതി.7/6/2022
തീരുമാന നമ്പർ :- 5
ചെങ്കൽ ഗ്രാമപഞ്ചായത്തിൽ 2022/23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസി. എൻജിനീയർ നിർവ്വഹണം നടത്തുന്ന പ്രോജക്ട് നം.84/22- മുളക് പൊറ്റ റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തി ചെയ്യുന്നതിന് നിലവിലെ റോഡിന്റെ സൈഡിൽ നിന്നും 75 മീറ്റർ ദൂരത്തിൽ ഏകദേശം 173.895 മീറ്റർ ക്യൂബ് മണ്ണ് മാറ്റേണ്ടതുണ്ട് എന്നും പ്രസ്തുത

മണ്ണ് ലേലം ചെയ്ത് മാറ്റുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് LSGD അസി. എൻജിനീയർ സമർപ്പിച്ച കത്ത് കമ്മിറ്റി ചർച്ച ചെയ്തു. തുടർന്ന് ഈ മണ്ണ് മാറ്റുന്നതിന് വേണ്ട അനുമതി ജിയോളജി വകുപ്പിൽ നിന്നും നേടുവാനും ലേല നടപടി സ്വീകരിക്കുവാനും LSGD അസി. എൻജിനീയറെ ചുമതലപ്പെടുത്തി കമ്മിറ്റി തീരുമാനിച്ചു.

ആയത് പ്രകാരം മണ്ണ് ലേലം ചെയ്ത് തുക പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

3 .യോഗ തീയതി.7/6/2022.
ഫയൽ നമ്പർ :- A2, തീരുമാന നമ്പർ :- 1

ചെങ്കൽ ഗ്രാമപഞ്ചായത്തിൽ എം.എൽ.എ. ഫണ്ട് വകയിരുത്തി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി നിലവിൽ മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നിന്നും 22845.509 മീറ്റർ ക്യൂബ് മണ്ണ് മാറ്റേണ്ടതുണ്ട് എന്ന് അസി. എൻജിനീയർ എൽ.എസ്.ജി.ഡി. യുടെ കത്ത് കമ്മിറ്റി ചർച്ച ചെയ്തു. തുടർന്ന് മണ്ണ് മാറ്റുന്നതിന് വേണ്ട അനുമതി ജിയോളജി വകുപ്പിൽ നിന്നും നേടുവാനും ലേല നടപടികൾ സ്വീകരിക്കുവാനും അസി. എൻജിനീയർ എൽ.എസ്.ജി.ഡി. യെ ചുമതലപ്പെടുത്തി കമ്മിറ്റി തീരുമാനിച്ചു.

ആയത് പ്രകാരം 22845.509 മീറ്റർ ക്യൂബ് മണ്ണ് മാറ്റാൻ ജിയോളജി വകുപ്പിന്റെ അനുവാദം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പിയും, മണ്ണ് ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

4.യോഗ തിയതി.7/6/2022
10.അജണ്ട :-
കുടുംബാരോഗ്യ കേന്ദ്രം സംബന്ധിച്ച്
ഫയൽ നമ്പർ :- A3, തീരുമാന നമ്പർ :- 1

ചെങ്കൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രവൃത്തികൾ മുൻകാലങ്ങളിൽ മുൻപ് ഉണ്ടായിരുന്ന മെഡിക്കൽ ഓഫീസറുടേയും അസി. എൻജിനീയരുടേയും നേതൃത്വത്തിലും മേൽനോട്ടത്തിലും ഭംഗിയായി തന്നെയാണ് നടന്നിട്ടുള്ളത് എന്ന് കമ്മിറ്റി വിലയിരുത്തി. ഈ നിർമ്മാണ പ്രവർത്തനങ്ങൾ ഭരണ സമിതിയേയോ, നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എൻജിനീയറേയോ അറിയിക്കാതെ സ്ലാബുകൾ ഉൾപ്പെടെ പൊളിച്ച് മാറ്റി പുനക്രമീകരിച്ചത് ധിക്കാര പരമായ നടപടിയായി കമ്മിറ്റി വിലയിരുത്തി. കൂടാതെ ഇത്തരത്തിൽ പൊളിച്ച് മാറ്റിയത് സംബന്ധിച്ച് ഭാവിയിൽ ഓഡിറ്റിൽ പരാമർശങ്ങളോ ധനനഷ്ടം ഉണ്ടായതായി കണ്ടെത്തുകയോ ചെയ്താൽ മെഡിക്കൽ ഓഫീസർക്ക് മാത്രമായിരിക്കും അതിന്റെ ഉത്തരവാദിത്തം എന്നും കമ്മിറ്റി വിലയിരുത്തി. തുടർന്ന് ഭാവിയിൽ തന്നിഷ്ട പ്രകാരം ഭരണസമിതി അറിയാതെ ചെങ്കൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഏതൊരു പ്രവൃത്തികളും ചെയ്യരുതെന്നും ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണമെങ്കിൽ അക്കാര്യം രേഖാമൂലം പഞ്ചായത്ത് ഭരണ സമിതിയെ അറിയിക്കണമെന്നും മെഡിക്കൽ ഓഫീസർക്ക് താക്കീത് നൽകി കമ്മിറ്റി തീരുമാനിച്ചു.

A.മേൽ വിവരിച്ച വർഷങ്ങളിൽ ആശുപത്രിയുടെ നവീകരണം നടത്തുന്നതിന് കൈമാറികിട്ടിയ സ്ഥാപനം എന്ന നിലയിൽ ജില്ലാ മെഡിക്കൽ ആഫീസറുടെ അനുവാദമോ, പ്രത്യേക പ്ലാനോ ലഭ്യമായ ശേഷമാണോ നവീകരണത്തിന് പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുവാദം നൽകിയതെന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

B.മുൻ വർഷങ്ങളിൽ പൂർത്തീകരിച്ച നവീകരണപ്രവർത്തനങ്ങളിൽ നിന്നും അനുവാദം ഇല്ലാതെ മെഡിക്കൽ ഓഫീസർ സ്വന്തം നിലയിൽ നവീകരണ ഭാഗങ്ങൾ പൊളിച്ചു മാറ്റിയതിന്റെ അടിസ്ഥാനത്തിൽ സംഭവിച്ച നഷ്ടം കണക്കാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

5.യോഗ തീയതി.7/6/2022
6.അജണ്ട :- കുളങ്ങളിലെ ചെളി നീക്കം ചെയ്യുന്നത് സംബന്ധിച്ച്
ഫയൽ നമ്പർ :- A2,തീരുമാന നമ്പർ :- 1
ചെങ്കൽ ഗ്രാമപഞ്ചായത്തിലെ മത്തിക്കുളം, പെരുന്തറക്കുളം, പെരുംകുളം എന്നീ കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി ചെളി നീക്കം ചെയ്യുവാൻ(ഡീ സിൽറ്റിംഗ്) ചെയ്യുന്നതിന് ജിയോളജി വകുപ്പിന് റോയൽറ്റി ഒടുക്കുന്നതിലേക്കായി കുളത്തിലെ ചെളിയുടെ ഇൻഷ്യൽ ലെവൽ പ്രകാരമുള്ള അളവ് ആവശ്യമായതിനാൽ ആയതു ലഭ്യമാക്കുന്നതിനും ചെക്ക് മെഷർമെൻറ് എടുത്ത് നൽകുന്നതിന് പാറശ്ശാല ബ്ലോക്ക് എ.എക്സ്.ഇ. കാലതാമസം വരുത്തിയതിനാലും കരാർ കാലാവധി അവസാനിക്കുന്ന തീയതി കരാറിൽ വ്യക്തമാക്കിയിട്ടില്ലാത്തതിനാലും കരാറുകാരന് പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ കരാർ നൽകിയ കാലയളവിലെയും നിലവിലെയും ചെളിയുടെ വിലയിൽ മാറ്റമില്ല എന്ന് അസി. എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളത് പരിഗണിച്ച്, ചെളിയുടെ അളവ് പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് മുൻപ് കരാർ ഏറ്റെടുത്ത ആൾക്ക് തന്നെ കരാർ നൽകുന്നത് സംബന്ധിച്ച് നിയമോപദേശം നൽകിക്കൊണ്ടുള്ള ബഹു.പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുമുള്ള 23/05/2022 ലെ File No.PAN/6954/200-07DPകത്ത് കമ്മിറ്റി ചർച്ച ചെയ്തു.

മേൽ സാചര്യത്തിൽ ഈ 3 കുളങ്ങളിലേയും നിലവിലെ ചെളിയുടെ അളവ് എടുത്ത് നൽകുവാൻ ചെങ്കൽ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. അസി. എൻജിനീയറെ ചുമതലപ്പെടുത്തി കമ്മിറ്റി തീരുമാനിച്ചു. കൂടാതെ കരാറുകാരൻ ശ്രീ. ബിനുഗോപാലുമായി നിലവിലെ ചെളിയുടെ വില സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അസി. എൻജിനീയറിൽ നിന്നും ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ഉപകരാറിൽ ഏർപ്പെടുവാനും തീരുമാനിച്ചു.

മേൽ തീരുമാനപ്രകാരം 3 കുളങ്ങളിലേയും ചെളിയുടെ അളവ് എടുത്തതിന്റെയും, ചെളി ലേലം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

ഭരണസമിതി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പിന് (നം.26/03.10.2023) മറുപടി നൽകാത്തതിനാൽ തുടർപരിശോധന നടത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ആയതിനാൽ ഓഡിറ്റ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-11 മാർക്കറ്റ് ലേലം സ്ഥിരപ്പെടുത്തി നൽകിയതിൽ ഉദ്യോഗസ്ഥ -ഭരണതലത്തിൽ വീഴ്ച- ലേല തുക നഷ്ടപ്പെടാൻ സാധ്യത

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഉദിയൻകുളങ്ങരയിലെ സേതു ലക്ഷ്മിപുരം പബ്ളിക് മാർക്കറ്റിലെ 2023-24 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ഗേറ്റ് ഫീസ് പിരിക്കുന്നതിന് 25/2/2023-ലെ A2/802/2023 നമ്പർ ഫയൽ പ്രകാരം 8/3/2023-ൽ ലേലം നടത്തുമെന്ന് ലേല നോട്ടീസ് പുറപ്പെടുവിച്ചു. പ്രസ്തുത ലേല നോട്ടീസിലെ സുപ്രധാന നിബന്ധനകൾ ചുവടെ ചേർക്കുകയും ചെയ്യുന്നു.

1.നിരതദ്രവ്യം -50000/- രൂപ

2.സോൾവൻസി- 2000000/-രൂപ

3.ലേലം ഉറപ്പിച്ചാൽ 200/-രൂപ മുദ്രപത്രത്തിൽ 3 ദിവസത്തിനകം ഉടമ്പടി ചമയ്ക്കേണ്ടതും, വീണ്ടും ലേലം ചെയ്യേണ്ട സാഹചര്യം ഉണ്ടായാൽ ലേലക്കാരനിൽ നിന്നും നഷ്ടം ഈടാക്കുന്നതാണ്.

4.ലേല തുക 4 തവണകളായി ചുവടെ വിവരിക്കും പ്രകാരം അടവാക്കേണ്ടതും അല്ലാത്തപക്ഷം 12% പലിശ ഈടാക്കുന്നതാണ്.

| | |
|---|---|
| ഒന്നാം തവണ | മാർച്ച് 31 |
| രണ്ടാം തവണ | ജൂൺ 30 |
| മൂന്നാം തവണ | സെപ്റ്റംബർ 30 |
| നാലാം തവണ | ഡിസംബർ 31 |

5.ലേല നിബന്ധനയിലെ 18-ാം വ്യവസ്ഥയായി മുദ്രവച്ച് സമർപ്പിക്കുന്ന ക്വട്ടേഷനുകൾക്കൊപ്പം നിശ്ചിത സോൾവൻസി സമർപ്പിക്കണമെന്നും അല്ലാത്തപക്ഷം ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ലായെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

8/3/2023ൽ ലേലം നടത്തിയപ്പോൾ ഏറ്റവും കൂടുതൽ തുകയായ 2030000/-രൂപ വിളിച്ച നൂര ബിസിനസ്സ് കൺസൾട്ടൻസിയ്ക്ക് 17/3/2023-ൽ കൂടിയ ഭരണസമിതി ലേലം സ്ഥിരപ്പെടുത്തി നൽകി. ആയത് പ്രകാരം 27/3/2023-ൽ സെക്രട്ടറിയുമായി കരാർ ചമച്ചു. ഫയൽ പരിശോധിച്ചതിൽ പ്രസ്തുത ലേലം സ്ഥിരപ്പെടുത്തിയിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ലേല നടപടിക്രമങ്ങളിലെ അപാകത

A.ലേലപരസ്യം അനുസരിച്ച് ലേലത്തിൽ പങ്കെടുക്കുന്നവർ 2000000/-രൂപയുടെ സോൾവൻസിയോ, ബാങ്ക് ഗ്യാരന്റിയോ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഉദ്യോഗതലത്തിൽ സോൾവൻസിയോ, ബാങ്ക് ഗ്യാരന്റിയോ സമർപ്പിക്കാത്ത നൂര ബിസിനസ്സ് കൺസൾട്ടൻസിയെ ലേലത്തിൽ പങ്കെടുപ്പിച്ചു.

B.ലേലം സ്ഥിരപ്പെടുത്തുന്നതിന് മുമ്പായി ലേല നിബന്ധനകൾ അനുസരിച്ച് ലേലതുകയ്ക്ക് സോൾവൻസിയോ, മറ്റ് ബാങ്ക് ഗ്യാരന്റിയോ സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തൂത്താതെ 17/3/2023-ൽ കൂടിയ ഭരണസമിതിയോട് ലേലം സ്ഥിരപ്പെടുത്തി നൽകുന്നതിന് സെക്രട്ടറി അജണ്ട എഴുതി നൽകി.

C.ലേലം എടുത്ത സ്ഥാപനം ഡെപ്പോസിറ്റ് തുകയായി 50000/-രൂപ അടവാക്കിയത് 22/3/2023-ൽ ആണ്.

D.ലേല നിബന്ധനപ്രകാരം ലേലം സ്ഥിരപ്പെടുത്തിയാൽ ഉടൻ നാലിൽ ഒന്ന് തുകയായ 5,07,500/-രൂപയും 18% ജി.എസ്.റ്റി.യും അടവാക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ ഒടുക്കിയത് 22/3/2023-ൽ 2,00,000/- രൂപയും 18% ജി.എസ്.റ്റി.യും മാത്രമാണ്.

E.സോൾവൻസി ഹാജരാക്കാത്തിനാലും, നാലിൽ ഒന്ന് തുകയായ 5,07,500/-രൂപ അടവാക്കതിരുന്നിട്ടും ടി

സ്ഥാപനത്തെ ഒഴിവാക്കി രണ്ടാമത്തെ ഏറ്റവും ഉയർന്ന തുക (2,01,5000/-) വിളിച്ച വ്യക്തയുമായി നെഗോഷിയേഷൻ നടത്തിയില്ല.

ഫയൽ പരിശോധിച്ചതിൽ ലേലം കൊണ്ട സ്ഥാപനവും പഞ്ചായത്തും തമ്മിൽ ഒപ്പ് വച്ച കരാർ പ്രകാരം 2023 സെപ്റ്റംബർ 30 വരെ 15,22,500/- രൂപയും ജി.എസ്.റ്റി.യും അടവാക്കേണ്ടതിന് പകരം 4,00,000/-രൂപയും ജി.എസ്.റ്റി.യും മാത്രമേ അടവാക്കിയിട്ടുള്ളു.

ഭരണതലത്തിൽ സംഭവിച്ച അപാകങ്ങൾ

A.ലേലം സ്ഥിരപ്പെടുത്തുന്നതിന് മുമ്പായി ലേല നിബന്ധനകൾ അനുസരിച്ച് ലേലതുകയ്ക്ക് സോൾവൻസിയോ, മറ്റ് ബാങ്ക് ഗ്യാരന്റിയോ സമർപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താതെ 17/3/2023-ൽ കൂടിയ ഭരണസമിതി ലേലം സ്ഥിരപ്പെടുത്തി നൽകിയത് ഭരണസമിതിയുടെയും, തുടർന്ന് ആദ്യ ഗഡു പൂർണ്ണമായും 2023മാർച്ച് 31-ന് മുമ്പ് അടവാക്കാതിരുന്നിട്ടും ലേലം പുനപരിശോധിക്കാത്തതും മറ്റ് നിയമാനുസൃത നടപടി സ്വീകരിക്കാത്തതും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ വീഴ്ചയാണ്.

മാർക്കറ്റ് ലേലം ഭരണസമിതി അംഗീകരിച്ചത് ലേലതുകയ്ക്ക് ആനുപാതികമായ സോൾവൾസിയോ, ബാങ്ക് ഡെപ്പോസിറ്റോ മറ്റു രേഖകളോ ഇല്ലാതെയാണെന്ന് കാണുന്നു. ആയതിനാൽ ലേല തുകയ്ക്ക് ആവശ്യമായ സോൾവൾസിയോ, ബാങ്ക് ഡെപ്പോസിറ്റോ മറ്റു രേഖകളോ ഹാജരാക്കാതിരുന്നിട്ടും ഭരണസമിതി ലേലം സ്ഥിരപ്പെടുത്തി നൽകിയതിനും, ലേലം കൊണ്ട സ്ഥാപനം 4/10/2023 വരെ 4,00,000/-രൂപയും ജി.എസ്.റ്റിയും മാത്രം അടവാക്കിയതിനാലും ബാക്കി തുക കരാർ പ്രകാരം അടവാക്കിയിട്ടില്ലാത്തതിനാൽ തുക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കാനും നൽകിയ അന്വേഷണകുറിപ്പ് 44/23 -ന് മറുപടി ലഭ്യമാക്കിയില്ല.

2007-ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും, ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും) ചട്ടങ്ങൾ ചട്ടം 7(1) പ്രകാരം തിരഞ്ഞെടുക്കപ്പെട്ട അധികാരി, ഉദ്യോഗസ്ഥനോ സ്വീകരിക്കുന്ന തീരുമാനത്തിനും നടപടിക്കും അതാത് സംഗതിപോലെ തിരഞ്ഞെടുക്കപ്പെട്ട അധികാരിയോ ഉദ്യോഗസ്ഥനോ ഉത്തരവാദിയായിരിക്കുന്നതാണ്. 1994-ലെ കേരള കേരള പഞ്ചായത്തിരാജ് ആക്ട് വകുപ്പ് 234(3)പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ കാലഹരണപ്പെടുകയും, അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥർ കാരണമായയെന്ന് കണ്ടെത്തിയാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് പ്രതിപാദിക്കുന്നു. ആയതിനാൽ ലേല തുക 2023 ഡിസംബർ 31-നകം പിരിച്ചെടുക്കുന്നില്ലായെങ്കിൽ ജി.എസ്.ടി.യും പലിശയും ഉൾപ്പെട്ട നഷ്ടപ്പെട്ട തുക സെക്രട്ടറിയുടെയും, ലേലം ക്രമവിരുദ്ധമായി അംഗീകരിച്ച് നൽകിയ 17/3/2023-ൽ കൂടിയ ഭരണസമിതി അംഗങ്ങളുടെയും ബാധ്യതയായി കണക്കാക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തിയതിലെ അപാകങ്ങൾക്കും തുക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കാനും നൽകിയ അന്വേഷണകുറിപ്പ് 44/23 -ന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-12 കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ വികസനപ്രവർത്തനങ്ങളിൽ ജാഗ്രത പുലർത്തേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തിലെ പ്രോജക്ട് നം.237/22 ചെങ്കൽ ഫാമിലി ഹെൽത്ത് സെന്ററിന്റെ കണ്ടിജന്റ് ചെലവുകൾ-എന്ന പദ്ധതിയ്ക്കായി റേഡിതരത്തിൽ 300000/-രൂപ വകയിരുത്തി 291910/-രൂപ ചെലവഴിച്ചു. പദ്ധതി അനുസരിച്ച് FHCയിലെ കറന്റ് ചാർജ്ജ്, ടെലിഫോൺ ചാർജ്ജ്, സ്റ്റേഷണറി, കമ്പ്യൂട്ടർ മെയിന്റനൻസ്, മറ്റ് കണ്ടിജന്റ് ചെലവുകൾ എന്നിവ ഉൾപ്പെടുന്ന ദൈനംദിന ചെലവുകൾക്കാണ് പദ്ധതി അംഗീകാരം ലഭിച്ചത്. എന്നാൽ മേൽ വിവരിച്ച ദൈനംദിന ചെലവുകൾക്ക് അല്ലാതെ ആശുപത്രിയുടെ അറ്റകുറ്റ പണികൾക്കായി എ.ഇ.യുടെ നേതൃത്വത്തിൽ എസ്റ്റിമേറ്റ് ഇല്ലാതെയും, പ്രത്യേക പദ്ധതി വിഭാവനം ചെയ്ത് നിയമാനുസൃതം അംഗീകാരം നേടാതെയും നിർവഹണോദ്യോഗസ്ഥനായ ഡോക്ടർ സ്വന്തം നിലയ്ക്ക് പുനരുദ്ധാരണം നടത്തി വാല്യുവേഷൻ ഇല്ലാതെ തുക ചെലവഴിച്ചു. ആയതിന്റെ വിശദവിവരം ചുവടെ വിവരിക്കുന്നു.

| ബിൽ നമ്പർ തിയതി | തുക | തുക ലഭിച്ച വ്യക്തി | വാങ്ങിയ സാധനങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| 21, 6/10/22 | 75000/- | മെഡിക്കൽ ഓഫീസർ. (A/c-67025960680) | Gi Pipe<br>Ss Pipe<br>Plastic Board | 31000/-<br>7000/-<br>37000/- |

| | | | | |
|---|---|---|---|---|
| | | | Doors Etc | |
| 23,<br>20/10/22 | 86080/- | | ഡോർ കർട്ടൻ<br>Grass Mate<br>ഡോർ Etc<br>ഗ്ലാസ്<br>ഗ്രിൽetc<br>ഷീറ്റ് Etc<br>അലുമിനിയം നോട്ടീസ് ബോർഡ്<br>അലുമിനിയം ഫെബ്രിക്കേഷൻ | 12240/-<br>13300/-<br>19868/-<br>9200/-<br>7400/-<br>11400/-<br>3000/-<br>4200/-, |
| | | | അലുമിനിയം Pvc<br>Lock,pipe Etc<br>Wire<br>Slab Works<br>പ്ലംബിംഗ് | 2670/-<br>4150/-,5970/-<br>200/-,5850/-<br>3500/-,950 /-,1700/-<br>2500/- |
| 28,<br>14/11/22 | 23215/- | | പ്ലംബിംഗ് ഉപകരണങ്ങൾ | 2670/-,4150 /-5850/-3500 /-1700 |
| 32,<br>20/12/22 | 16000/- | | ഇലക്ട്രിക്കൽ ഉപകരണങ്ങൾ, ലേബർ | 16000/- |
| | | | ആകെ | 216968/- |

പദ്ധതി പ്രകാരം ആകെ 2,91,910/-രൂപ ചെലവഴിച്ചതിൽ 2,16,968/-രൂപ ആശുപത്രിയുടെ പുനരുദ്ധാരണത്തിന് ചെലവഴിച്ചു. ആകെ 74,942/-രൂപ മാത്രമാണ് ആശുപത്രിയുടെ ദൈനംദിന ചെലവുകൾക്കായി ഉപയോഗിച്ചത്. 7/6/2022-ൽ ചേർന്ന ഭരണസമിതി അജണ്ട 10, തീരുമാനം (1)ആയി കുടുംബാരോഗ്യകേന്ദ്രത്തിൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ നേരത്തെ സ്ഥാപിച്ച വാതിലുകളും, അലുമിനിയം പാർട്ടീഷ്യനുകളും സ്ലാബുകൾ മാറ്റിയതിനും മെഡിക്കൽ ആഫീസറോട് വിശദീകരണം ചോദിച്ചു. ആശുപത്രിയുടെ പുനരുദ്ധാരണത്തിന് എസ്റ്റിമേറ്റ് എ.ഇ.യുടെ നേതൃത്വത്തിൽ തയ്യാറാക്കാതെ സ്വന്തം നിലയിൽ 216968/-രൂപയുടെ പ്രവൃത്തി നടത്തിയതിന് വിശദീകരണം ലഭ്യമാക്കാനും പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കാനും നൽകിയ 13/23 നമ്പർ അന്വേഷണകുറിപ്പിനുള്ള മറുപടിയിൽ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചല്ല മുമ്പ് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയതെന്നും, ആയതിന്റെ ഫലമായി അടിസ്ഥാന സൗകര്യങ്ങളുടെ കുറവും മറ്റ് ബുദ്ധിമുട്ടുകളും ഉണ്ടായെന്നും ആയതിനാലാണ് നിലവിലെ സംവിധാനങ്ങളെ പുനക്രമീകരിച്ചതെന്നും അറിയിച്ചു. ആയത് പ്രകാരം 2020-21, 2021-2022 എന്നീ രണ്ട് വർഷങ്ങളിൽ പ്രസ്തുത ഫാമിലി ഹെൽത്ത് സെന്ററിൽ സുലേഖ ചെലവ് പത്രികപ്രകാരം എ.ഇ. നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

A.2020-21

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|
| 309/20-21 | പി.എച്ച്.സി.പെയിന്റിംഗ്, അനുബന്ധ സൗകര്യം ഒരുക്കൽ | 499236/- |
| 140/20-21 | പി.എച്ച്.സി. ഐ.പി.വാർഡ് മെയിന്റനൻസ് | 499432/- |

B.2021-22

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|
| 129/2021-22 | പി.എച്ച്.സി. നവീകരണം | 670582/- |
| ആകെ | | 1669250/-രൂപ |

കഴിഞ്ഞ 2 വർഷത്തിനകം പ്രസ്തുത പി.എച്ച്.സി.യുടെ നവീകരണത്തിന് മാത്രമായി ആകെ 1669250/-രൂപ എ.ഇ.യുടെ നേതൃത്വത്തിൽ ചെലവഴിച്ചു. കൂടാതെ 2022-23വർഷത്തിൽ മെഡിക്കൽ ആഫീസർ പ്രോജക്ട് നം.237/22 ചെങ്കൽ ഫാമിലി ഹെൽത്ത് സെന്ററിന്റെ കണ്ടിജന്റ് ചെലവുകൾ-എന്ന പദ്ധതിയിൽ നിന്നും നവീകരണത്തിനായി 216968/-രൂപയും ചെലവഴിച്ചു. സർക്കുലർ നം.PL/A4-73745/2019 ആ.വ.ഡ.തീയതി-22/09/2019, സർക്കുലർ നം.ഡി.ബി2/10/2020-തസ്വഭവ. തീയതി 11/03/2020 എന്നിവ പ്രകാരം സി.എച്ച്.സി/പി.എച്ച്.സി./താലൂക്ക് ആശുപത്രി/മറ്റ് സ്ഥാപനങ്ങളുടെ അറ്റകുറ്റ പണിയ്ക്കും/കൂട്ടി ചേർക്കലിനും അതത് ഓഫീസ് മേധാവികളുടെ അനുമതി വാങ്ങേണ്ടതാണ്. അപ്രകാരമുള്ള അനുമതി സ്ഥാപനമോധാവിയെന്ന നിലയിൽ മെഡിക്കൽ ആഫീസർ നൽകിയിട്ടില്ലായെന്ന് വ്യക്തമായി.

ഘടകസ്ഥാപനങ്ങളുടെ അറ്റകുറ്റ പണിയും മറ്റ് നിർമ്മാണപ്രവർത്തനങ്ങളും നടത്തുമ്പോൾ ഭാവിയിലെ ആവശ്യങ്ങൾ നിറവേറ്റുന്നതരത്തിലുള്ള ദീർഘവീക്ഷണമുള്ള പ്ലാൻ തദ്ദേശസ്ഥാപനത്തിന്റെ നേതൃത്വത്തിൽ സാങ്കേതിക വിഭാഗം തയ്യാറാക്കേണ്ടത് ആവശ്യമാണ്. സ്ഥാപന മേധാവികളുടെ അഭിപ്രായങ്ങൾ പരിഗണിച്ചുള്ള ദീർഘവീക്ഷണമുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കാതിരുന്നാൽ പദ്ധതികളുടെ ചെലവ് അനുസരിച്ചുള്ള ഗുണം പൊതുജനങ്ങൾക്ക് കിട്ടാതിരിക്കാനും, പൊതുധനത്തിന്റെ നഷ്ടപ്പെടലിന് കാരണമാവുകയും ചെയ്യും. ആയതിനാൽ പദ്ധതികൾ രൂപീകരിക്കുമ്പോൾ സ്ഥാപനമേധാവികളുടെ അഭിപ്രായങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതും, ആയതിന്റെ അഭാവത്തിൽ ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് ഭരണ/ഉദ്യോഗതലത്തിലുള്ളവർ ബാധ്യസ്ഥരാവുന്നതാണ്. 2022-23 വർഷത്തിൽ മെഡിക്കൽ ആഫീസർ നിർവഹണം നടത്തിയ പ്രോജക്ട് നം.237/22 ചെങ്കൽ ഫാമിലി ഹെൽത്ത് സെന്ററിന്റെ കണ്ടിജന്റ് ചെലവുകൾ-എന്ന പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും 216968/- രൂപയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 ഡി&ഒ ലൈസൻസ് ഫീ പൂർണ്ണമായി ഈടാക്കുന്നില്ല.

ഹരിത കർമ്മസേന ലഭ്യമാക്കിയ വിവരപ്രകാരം Smart Garbage Monitoring System - ത്തിലൂടെ പഞ്ചായത്തിലെ 882 കടകൾക്കാണ് QR കോഡ് നൽകിയിരിക്കുന്നത്. എന്നാൽ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ 21 വാർഡുകളിലായി 248 കടകൾ മാത്രമേ 2022-23 വർഷത്തിൽ ലൈസൻസ് പുതുക്കിയിട്ടുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ് പ്രകാരം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളുടേയും ലൈസൻസ് പുതുക്കേണ്ടതിനുള്ള നടപടി സ്വീകരിക്കുന്നതിനോടൊപ്പം ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## 1-14 തനത് വരവ് ശേഖരണം സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കിയിട്ടില്ല.

തദ്ദേശസ്വയം ഭരണ(എ.എ)വകുപ്പിന്റെ 22/12/2022-ലെ എ.എ3/45/2022 തസ്വഭവ നമ്പർ കത്ത് അനുസരിച്ചും, സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 11/7/2023-ലെ ഡി.കെ.എസ്.എ.3683/2019നമ്പർ ഉത്തരവ് പ്രകാരവും ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകികൊണ്ട് ടാക്സ് ഓഡിറ്റ് നടത്തുന്നതിന് ആവശ്യമായ വിവരങ്ങൾ ലഭ്യക്കുന്നതിനായി ചുവടെ ആവശ്യപ്പെടുന്ന വിവരങ്ങൾ അന്വേഷണകുറിപ്പ് 4/23പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും വിവരങ്ങൾ ലഭ്യമാക്കുകയോ, അന്വേഷണകുറിപ്പിന് ഗ്രാമപഞ്ചായത്ത് മറുപടി നൽകുകയോ ചെയ്തില്ല.

A.ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

1. സ.ഉ.(അച്ചടി) 25/2023/തസ്വഭവ, തീയതി 5/4/2023 പ്രകാരം നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള അടിസ്ഥാന

വസ്തുനികുതി നിരക്കുകൾ നടപ്പിലാക്കാനുള്ള നടപടികൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി സ്വീകരിച്ചതായ വിവരവും ആയത് അനുസരിച്ച് പഞ്ചായത്ത് ഭരണസമിതി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതായ രേഖയോ പഞ്ചായത്ത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

2. ബജറ്റും വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിക്കുകയോ ആയത് പരിഹരിക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയതായോ കാണുന്നില്ല.

3. ക്യാമ്പ് കളക്ഷൻ, നോട്ടീസ് നൽകൽ, റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ വസ്തു നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം കെട്ടിടനികുതിയിനത്തിൽ കുടിശ്ശികയായി 1134640/-രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത കുടിശ്ശിക തുക പരിച്ചെടുക്കുവാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ക്രിയാത്മക നടപടികൾ ശുപാർശ ചെയ്തിട്ടില്ലായെന്ന് മിനിട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

4. 01.04.2023 മുതൽ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കാൻ ജനറൽ കമ്മറ്റിക്ക് ശുപാർശ ചെയ്തതിന്റെ വിവരം ലഭ്യമല്ല.

5. വിവിധയിനം നികുതി നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്, പിരിവ് പുരോഗതി എന്നിവ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ നികുതി പിരിവ് പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി പ്രത്യേക യോഗങ്ങൾ ചേർന്ന് നടപടികൾക്ക് ശുപാർശ ചെയ്തിട്ടില്ല.

B.വസ്തുനികുതി

1.2022-23 സാമ്പത്തികവർഷത്തിൽ 100% വസ്തുനികുതി പിരിവ് കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ആയതിനാൽ വസ്തുനികുതിയുടെ പിരിവ് ഊർജിതമല്ല.

2. ബജറ്റിലെ പ്രതീക്ഷിത വരവ്, ഐ.എൽ.ജി.എം.എസ്. വരവ്, സഞ്ചയ വരവ് എന്നിവ പൊരുത്തപ്പെടുന്നില്ല. ഡി.സി.ബി.ലേയും വാർഷികധനകാര്യ പത്രികയിലേയും വസ്തുനികുതി ബാലൻസ് പൊരുത്തപ്പെടുന്നില്ല. E-payment വഴി വരുന്ന എല്ലാ വരവുകളും മാർച്ച് 31 ന് ബാങ്കിൽ ക്രെഡിറ്റ് ആകുന്നില്ല. അതിനാൽ സഞ്ചയയിലെ വരവും ILGMS വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3.മേഖലാ വിഭജനം സംബന്ധിച്ച പുതിയ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയോ, വീതി രേഖപ്പെടുത്തിയ റോഡ് മാപ്പ് തയ്യാറാക്കി സഞ്ചയയിൽ അപ്ലോഡ് ചെയ്യുകയോ ചെയ്തിട്ടില്ല.

4. തദ്ദേശ സ്ഥാപന പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും നികുതി കുടിശ്ശിക ഇല്ലായെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

5.പഞ്ചായത്തിൽ നിലവിൽ ഏതൊരു സേവനഉപനികുതി ചുമത്തുകയോ, പുതിയ സേവന നികുതി മാർഗ്ഗങ്ങൾ ധനകാര്യ കമ്മിറ്റിയിൽ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.

6.ഉദ്യോഗതല ഫീൽഡ് പരിശോധന നടത്തി കൂട്ടിച്ചേർക്കപ്പെട്ട കെട്ടിടങ്ങൾക്ക് ടാക്സ് റിവിഷൻ നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

7.തദ്ദേശസ്ഥാപന പരിധിയിലെ സർക്കാർ/അർദ്ധസർക്കാർ കെട്ടിടങ്ങളുടെ വിവരം ക്രോഡീകരിച്ച് രജിസ്റ്ററാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ കേന്ദ്രസർക്കാർ സ്ഥാപനങ്ങളിൽ നിന്നും സർചാർജ് ഈടാക്കുന്നതിന്റെ വിവരവും ലഭ്യമല്ല.

8.കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ് എന്നിവ ഒരേ ഫയലിൽ സൂക്ഷിക്കുന്നില്ല.

9.സ.ഉ.(അച്ചടി) 25/2023 /തസ്വഭവ, തീയതി 5/4/2023 ഉത്തരവ് പ്രകാരം 1-4-2023 മുതൽ പുതുക്കിയ വസ്തു നികുതി നിലവിൽ വരുന്നതിന് മുന്നോടിയായി ആയതിന്റെ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ രേഖ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കരട് വിജ്ഞാപനം പ്രസിദ്ധീക്കരിക്കാതെ വർദ്ധിപ്പിച്ച നികുതി ഈടാക്കുന്നത് നിയമപ്രശ്നങ്ങൾക്ക് ഇടയാക്കും.

C.തൊഴിൽനികുതി

1.തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നതായി ബോധ്യപ്പെടുത്താൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. റേഷൻവ്യാപാരികൾ,സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങൾ,മരാമത്ത് കരാറുകാർ എന്നിവരിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

2. തൊഴിലുടമ നല്കുന്ന നികുതി പത്രികകൾ പരിശോധിച്ച ശേഷമാണോ നികുതി ഈടാക്കുന്നത് എന്നതിൽ വ്യക്തതയില്ല. തൊഴിലുടമ നല്കുന്ന നികുതി പത്രികകളുടെ കൃത്യത പരിശോധിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

3.ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ വാണിജ്യാവശ്യ കെട്ടിടങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലൈസൻസ് നൽകുന്നതു വഴി പൂർണതോതിൽ വരുമാനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

4.ഇൻഡോർ ക്ലബ്, ടർഫ് കോർട്ട്, സ്റ്റേഡിയങ്ങൾ, കേബിൾ, ടി.വി.നെറ്റ് വർക്ക്, പ്രദർശന വിപണന മേള എന്നിവയിൽ നിന്നും വിനോദനികുതി ഈടാക്കുവാനുള്ള സാധ്യത ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോ, ഭരണസമിതിയോ ശുപാർശ ചെയ്തിട്ടില്ല.

5.പഞ്ചായത്തിന് സ്വന്തമായ ആസ്തികളുടെ ഭൗതിക പരിശോധന നടത്തി കാലികമായ ആസ്തി രജിസ്റ്റർ നാളിതുവരെ തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് പഞ്ചായത്തിലെ വസ്തുനികുതിയും, മറ്റ് തനത് വരവുകൾ ഉൾപ്പടെയുള്ള വിഭവശേഖരണം 100% ആക്കുന്നതിന് പഞ്ചായത്ത് നടപടികൾ ഊർജിതമാക്കേണ്ടതാണ്. തനത് ഫണ്ടിന്റെ ലഭ്യതയുടെ വിവരങ്ങൾ ആരാഞ്ഞ് നൽകിയ അന്വേഷണകുറിപ്പിന് ഉദ്യോഗതലത്തിൽ മറുപടി ലഭ്യമാക്കാത്തത് ഭരണസമിതി ചർച്ച ചെയ്യേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 കെട്ടിടങ്ങളുടെ തുടർപരിശോധന നടത്തുന്നില്ല. തുടർനടപടി അനിവാര്യം.

കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ Rule 21 പ്രകാരം രണ്ട് നിലവരെയുള്ള വാസഗൃഹങ്ങൾ, 50 ച. മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, Gl, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റുകൾ നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറിക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുന്നതിന് അധികാരം ഉണ്ട്. അപ്രകാരം പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാനും, അനധികൃതകെട്ടിടനിർമ്മാണങ്ങൾ കണ്ടെത്തുവാൻ ഉദ്യോഗതല സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനുമായി നൽകിയ അന്വേഷണകുറിപ്പിന്റെ 19/23-ന് നൽകിയ മറുപടിയിൽ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടില്ലായെന്നും അനധികൃത കെട്ടിടനിർമ്മാണങ്ങൾ കണ്ടെത്തുവാൻ ഉദ്യോഗതല സ്ക്വാഡ് രൂപീകരിച്ചിട്ടില്ലായെന്നും അറിയിച്ചു.

കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് കെട്ടിടങ്ങളുടെ തുടർപരിശോധന നടത്താത്തത് നികുതി നഷ്ടത്തിനും, അനധികൃതനിർമ്മാണങ്ങൾ വർദ്ധിക്കുവാനും കാരണമാകുമെന്നതിനാൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-15-1 അനധികൃതകെട്ടിടങ്ങളുടെ രജിസ്റ്റർ നിയമാനുസൃതം തയ്യാറാക്കിയിട്ടില്ല.

1)കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 235 ഡബ്ലിയു പ്രകാരം അനധികൃത നിർമ്മാണങ്ങൾ നടത്തിയ വ്യക്തിക്ക് നോട്ടീസ് നൽകാവുന്നതും മതിയായ കാരണം കാണിക്കാത്ത സംഗതികളിൽ ഒരു ഉത്തരവിനാൽ നോട്ടീസ് സ്ഥിരപ്പെടുത്തുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതുമാണ്. ഇത്തരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ പരിശോധിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) കേരള പഞ്ചായത്ത് ബിൽഡിംഗ് (Regularisation Of Unauthorised Construction) ചട്ടങ്ങൾ 2018 – ചട്ടം 6(17) പ്രകാരം കോമ്പൗണ്ടിംഗ് ഫീസിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ചട്ടം 6(18) പ്രകാരം അനധികൃത നിർമ്മാണം സംബന്ധിച്ച് ഒരു സ്ഥിര രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിൽ അപേക്ഷകന്റ മേൽവിലാസം, സർവ്വേ നം, ഒക്യുപൻസി, നിലകളുടെ എണ്ണം, തറ വിസ്തീർണം, ചട്ട ലംഘനത്തിന്റെ തരം, അനുമതി ലഭിച്ചതിന്റെയും കോമ്പൗണ്ടിംഗ് ഫീസ് അടവാക്കിയതിന്റെയും വിവരങ്ങൾ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അപ്രകാരം രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തി കാലികമാക്കിയിട്ടില്ല.

3) സർക്കുലർ നം. 29342/ ആർ.എ. 1/ 2014/ ത.സ്വ.ഭ.വ തീയതി 19.05.2014 പ്രകാരമുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.

3.1 അനധികൃത നിർമ്മാണത്തെകുറിച്ചുള്ള വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കേണ്ടതാണ്.
3.2 അനധികൃത നിർമ്മാണത്തെകുറിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കേണ്ടതാണ്.
3.3 തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഓരോ മാസത്തിന്റെയും അവസാന ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിനെതിരെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും, പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

3.4 അപ്രകാരം തയ്യാറാക്കുന്ന രജിസ്റ്റർ സർക്കുലറിലെ അനുബന്ധം (I) ൽ ചേർത്തിട്ടുള്ള മാതൃകയിൽ സൂക്ഷിക്കേണ്ടതാണ്. മേൽ വിവരിച്ച (3.1, 3.2, 3.3, 3.4) പ്രകാരമുള്ള രജിസ്റ്ററുകൾ പഞ്ചായത്തിൽ സൂക്ഷിക്കുകയോ സർക്കുലർ പ്രകാരമുള്ള തുടർ നടപടികൾ നടപ്പിലാക്കുകയോ ചെയ്യുന്നില്ല.
അനധികൃത നിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 235 ഡബ്ലിയു, ഇസഡ് പ്രകാരമുള്ള

നടപടികൾ സ്വീകരിച്ചിട്ടില്ല.

4) 2022-23വർഷത്തിൽ നമ്പർ നൽകിയ ആകെ കെട്ടിടങ്ങളുടെ എണ്ണവും അപ്രകാരം നൽകിയതിൽ ക്രമവത്ക്കരണം നടത്തി നൽകിയവ എത്രയെന്നുമുള്ള വിവരങ്ങളോ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

5) 2022-23 വർഷത്തിൽ വസ്തു നികുതി ഇനത്തിൽ എഴുതിതള്ളിയ കെട്ടിടങ്ങളുടെയും നികുതിയുടെയും വിവരങ്ങളും, രജിസ്റ്ററും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-15-2 കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ പൂർണ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നില്ല.

1.2022-23സാമ്പത്തിക വർഷത്തെ കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും പെർമിറ്റ് അപേക്ഷകളിൽ നിന്നും ഫീസ് ഈടാക്കിയതിന്റെയും, പെർമിറ്റ് നൽകിയതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അപ്രകാരം കണ്ടെത്തിയ ചില ഉദാഹരങ്ങൾ (ഫയൽ നമ്പർ)ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ |
|---|
| A1-2100/22 |
| A1-2107/22 |
| A1-2253/22 |
| A1-2371/22 |
| A1-2204/22 |
| A1-2488/22 |
| A1-2714/22 |
| A1-2741/22 |
| A1-3008/22 |
| A1-3010/22 |
| A1-3018/22 |
| A1-3063/22 |
| A1-3122/22 |
| A1-3310/22 |
| A1-3312/22 |
| A1-3523/22 |

| |
|---|
| A1-4362/22 |
| A1-4942/22 |

തസ്വഭവ-ആർ.എ.1/444/2019 തീയതി 20/01/2020 പ്രകാരം പുറപ്പെടുവിച്ച സർക്കുലർ പ്രകാരം കെട്ടിടനിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ എല്ലാ കോളങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.
പ്രസ്തുത രജിസ്റ്ററിൽ അവശ്യം വേണ്ട വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനുള്ള വിശദീകരണം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 18/23-ന് നൽകിയ മറുപടിയിൽ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും ആയത് പരിഹരിക്കുന്നതാണെന്നും അറിയിച്ചു. ഉദ്യോഗതലത്തിൽ രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതും തുടർനടപടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2.ചട്ടങ്ങൾ പാലിച്ച് സമയപരിധിക്കുള്ളിൽ പെർമിറ്റ് അപേക്ഷകൾ തീർപ്പാക്കുന്നില്ല.

2019- ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 4പ്രകാരം സെക്രട്ടറിയിൽ നിന്നും ആദ്യമേ കെട്ടിടനിർമ്മാണ അനുമതി ലഭിക്കാതെയും, കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ സെക്രട്ടറിയിൽ നിന്നുള്ള അനുമതിയായി കണക്കാക്കാവുന്ന കൈപ്പറ്റ് രസീത് ലഭിക്കാതെയും ഏതൊരു വ്യക്തിയും കെട്ടിട നിർമ്മാണം നടത്തുകയോ പുനർനിർമ്മിക്കുകയോ, കൂട്ടിച്ചേർക്കുകയോ, വിപുലീകരിക്കുകയോ, മാറ്റം വരുത്തുകയോ പാടില്ലാത്തതാണ്. ചട്ടം 5(1)(സി) പ്രകാരം അനുമതിയ്ക്കായി അപ്പന്റിക്സ് AIAയിലുള്ള സ്വയം സാക്ഷ്യപ്പെടുത്തലും ചട്ടം19എ യിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സഹിതം സെക്രട്ടറി മുമ്പാകെ ഫയൽ ചെയ്യേണ്ടതും, അപ്രകാരം ലഭിച്ച അപേക്ഷകളിൽ അപാകങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ 10 ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. ചട്ടം 9, 12 പ്രകാരം അപാകങ്ങൾ പരിഹരിച്ച് രേഖകൾ ലഭ്യമായി കഴിഞ്ഞാൽ 15 ദിവസത്തിനകം അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതും, അംഗീകരിച്ചാൽ അപ്പന്റിക്സ് J2 വിലേതു പോലെ സൈറ്റ് പ്ലാൻ സാക്ഷ്യപ്പെടുത്തി അപ്പന്റിക്സ് B2 പ്രകാരം ഷെഡ്യൂൾ 11 പ്രകാരമുള്ള പെർമിറ്റ് ഫീസ് ഒടുക്കി പെർമിറ്റ് നൽകേണ്ടതുമാണ്. അപ്രകാരം 2022-23-ൽ പഞ്ചായത്ത് നൽകിയ പെർമിറ്റുകളുടെ വിവരങ്ങൾ അടങ്ങിയ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില അപേക്ഷകൾ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പരിശോധിച്ച് പെർമിറ്റ് നൽകയോ, സമയപരിധിയ്ക്കുള്ളിൽ നൽകാൻ സാധിക്കാത്തതിനുള്ള വിവരം പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, പെർമിറ്റ് ഫയലുകളിൽ അപാകങ്ങൾ ഉണ്ടെങ്കിൽ ആയത് അപേക്ഷകനെ രേഖാമൂലം അറിയിച്ചതിന്റെ രേഖകളോ രജിസ്റ്ററിൽ ലഭ്യമല്ല. അപ്രകാരം കണ്ടെത്തിയ ഏതാനം ഫയലുകളുടെ വിവരം ചുവടെ വിവരിക്കുന്നു.

| പെർമിറ്റ്ഫയൽ നമ്പർ | ഫയൽ സമർപ്പിക്കപ്പെട്ട തീയതി | പെർമിറ്റ് അനുവദിച്ച തീയതി |
|---|---|---|
| A1-2877/22 | 19-5-2022 | 11-7-2022 |
| A1-2885/22 | 19-5-2022 | 11-7-2022 |
| A1-3141/22 | 17-6-2022 | 11-9-2022 |
| A1-3827/22 | 30-6-2022 | 10-11-2022 |
| A1-4667/22 | 4-8-2022 | 28-10-2022 |
| A1-5605/22 | 27-9-2022 | 8-11-2022 |
| A1-5689/22 | 29-9-2022 | 3-11-2022 |

സ.ഉ.(സാധാ)നം.2837/2019/തസ്വഭവ തിയതി 12/12/2019 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിടനിർമ്മാണ/ഒക്യുപ്പൻസി സർട്ടിഫിക്കറ്റുകൾ അനുവദിച്ച നൽകിയ പെർമിറ്റ്/ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് എന്നിവയുടെ സ്ഥിതി വിവരണ കണക്കുകൾ നിശ്ചിത പ്രൊഫോർമയിൽ എല്ലാ മാസവും അവസാനത്തെ പ്രവൃത്തി ദിവസം തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. എന്നാൽ അപ്രകാരം പ്രസിദ്ധീകരിക്കുന്നതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. മേൽ വിവരിച്ചതും അല്ലാത്തതുമായ പെർമിറ്റ് അപേക്ഷകളിൽ പെർമിറ്റ് നിശ്ചിത സമയത്തിനകം നൽകാത്തതിനും, കാലതാമസത്തിനുമുള്ള കാരണങ്ങൾ രേഖപ്പെടുത്താത്തതിനുമുള്ള

വിശദീകരണം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 18/23 ന് നൽകിയ മറുപടിയിൽ ഫയലുകളിലെ ചില അപാകങ്ങളാണ് കാലതാമസത്തിന് കാരണമെന്ന് അറിയിച്ചു. അപേക്ഷകൾ ലഭ്യമാകുമ്പോൾതന്നെ അപാകങ്ങൾ പരിഹരിക്കുവാനും ആയത് പ്രകാരം കാലതാമസം കൂടാതെ പെർമിറ്റുകൾ നൽകുവാനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15-3 പഞ്ചായത്തിൽ നിന്നും നിർമ്മാണാനുമതി സമ്പാദിക്കാതെ ശിവലിംഗ മാതൃകയിലുള്ള കെട്ടിടം നിർമ്മിച്ചത് ചട്ട വിരുദ്ധം, തുടർനടപടി അനിവാര്യം.

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 4 പ്രകാരം സെക്രട്ടറിയിൽ നിന്നും അനുവാദം ലഭിക്കാതെ ഏതൊരു വ്യക്തിയും കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ, കൂട്ടിച്ചേർക്കുകയോ, വിപുലീകരിക്കുകയോ മാറ്റം വരുത്തുകയോ പാടില്ലാത്തതാണ്. കെട്ടിട നിർമ്മാണത്തിന് ചട്ടം 235ബി. പ്രകാരം കെട്ടിടം പണിയുന്നതിനുള്ള സ്ഥാനങ്ങൾ ഉപയോഗിക്കുന്നതിനേയോ കെട്ടിടങ്ങൾ നിർമ്മിക്കുകയോ പുനർനിർമ്മിക്കുയോ ചെയ്യുന്നതിനെയോ സംബന്ധിച്ച് ഈ ഭാഗത്തിലും ഈ ആക്ട് പ്രകാരമുണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിലും അല്ലായെങ്കിൽ ബൈലാകളിലും ഉള്ള വ്യവസ്ഥകളനുസരിച്ചല്ലാതെ മറ്റു വിധത്തിൽ ഭൂമിയുടെ യാതൊരു ഭാഗവും കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥാനമായി ഉപയോഗിക്കുകയോ ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. ചട്ടം 235 എഫ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിൽ അല്ലാതെ ഒരു കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്യുന്നതിന് ഏതെങ്കിലും ആൾ ഉദ്ദേശിക്കുന്നുവെങ്കിൽ അയാൾ സെക്രട്ടറിയ്ക്ക് അപേക്ഷ നൽകേണ്ടതാണ്.

2022-23സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പഞ്ചായത്തിൽ ലഭിച്ച വിവരാവകാശ അപേക്ഷകൾ പരിശോധിച്ചതിൽ 2005-ലെ വിവരാവകാശ നിയമ പ്രകാരം (ഫയൽ നമ്പർ 5001/2022 തിയതി 26/8/2022) ആൻസലം എന്ന വ്യക്തി നൽകിയ വിവരാവകാശ അപേക്ഷയിൽ ഈ ഗ്രാമപഞ്ചായത്തിൽ ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ശിവലിംഗ മാതൃകയിലുള്ള കെട്ടിടം നിർമ്മിച്ചിട്ടുണ്ടെന്നും, ആയതിന് 2019-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം പെർമിറ്റ് നൽകിയിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടത് അനുസരിച്ച് ഗ്രാമപഞ്ചായത്ത് നൽകിയ മറുപടിയിൽ ആയതിന് നാളിതുവരെ നിർമ്മാണ പെർമിറ്റ് നൽകിയിട്ടില്ലായെന്ന് രേഖാമൂലം അറിയിച്ചതായി കാണുന്നു. ഇതേ തുടർന്ന്,

1.പ്രസ്തുത നിർമ്മിതിയ്ക്ക് പെർമിറ്റ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുവാനും,

2.പെർമിറ്റ് നൽകിയിട്ടില്ലായെങ്കിൽ പ്രസ്തുത നിർമ്മാണത്തിൻമേൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുവാനും,

3.പ്രസ്തുത നിർമ്മിതിയ്ക്ക് ജില്ലാ കളക്ടറുടെ അനുവാദം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുവാനും നൽകിയ 17/23-നമ്പർ അന്വേഷണകുറിപ്പിന് ഗ്രാമപഞ്ചായത്ത് രേഖകളോ, മറുപടിയോ ലഭ്യമാക്കിയില്ല.

കെട്ടിട നിർമ്മാണചട്ടം 235 എഫ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിൽ അല്ലാതെ ഒരു കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്യുന്നതിന് ഏതെങ്കിലും ആൾ ഉദ്ദേശിക്കുന്നുവെങ്കിൽ അയാൾ സെക്രട്ടറിയ്ക്ക് അപേക്ഷ നൽകേണ്ടതാണെന്ന് നിയമം നിർഷ്കർഷിച്ചിരിക്കുമ്പോൾ നിലവിൽ ലോകത്തിലെ ഏറ്റവും പൊക്കമുള്ളതായി കണക്കാക്കുന്ന (111.2 അടി) ശിവലിംഗ മാതൃകയിലുള്ള കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നേടാൻ അപേക്ഷ നൽകാത്തത് നിയമപരമല്ല. 2012-ൽ ആരംഭിച്ച് 6വർഷം കൊണ്ട് പൂർത്തീകരിക്കുകയും 10 നില കെട്ടിടത്തിന്റെ ഉയരമുള്ളതുമായ പ്രസ്തുത നിർമ്മിതിയുടെ നിർമ്മാണം നടന്നപ്പോൾ പഞ്ചായത്ത് ആയത് നിയമാനുസൃതമാണോയെന്ന് പരിശോധിക്കാത്തതും, പെർമിറ്റ് എടുപ്പിക്കാനുള്ള നടപടി സ്വീകരിക്കാത്തതും ചട്ടവിരുദ്ധമാണ്. കെട്ടിട നിർമ്മാണചട്ടങ്ങൾ 8Aപ്രകാരം മതപരമായ നിർമ്മിതിയാണെങ്കിൽ ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയ വിവരവും, 111.2 അടി ഉയരമുള്ളതും നിത്യേന ധാരാളം ജനങ്ങൾ ടിക്കറ്റ് എടുത്ത് പ്രവേശിക്കുന്ന കെട്ടിടം ആയതിനാലും ഫയർ ആന്റ് റസ്ക്യൂ വകുപ്പിന്റെയും മറ്റ് നിയമാനുസൃത അനുമതികൾ ലഭിച്ചതിന്റെ രേഖകളോ പഞ്ചായത്ത് ലഭ്യമാക്കിട്ടില്ല. ആയതിനാൽ ജനങ്ങളുടെ സുരക്ഷിതത്വം കണക്കിലെടുത്ത് പഞ്ചായത്ത് വേണ്ട നിയമനുസൃത നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. പഞ്ചായത്ത് ലഭ്യമാക്കിയ അനധികൃത കെട്ടിടങ്ങളുടെ(കാലികമാക്കാത്ത) രജിസ്റ്ററിൽ പ്രസ്തുത നിർമ്മിതി രേഖപ്പെടുത്തിയിട്ടില്ല.പഞ്ചായത്ത് ഭരണസമിതി മേൽ വിവരിച്ച വസ്തുതകൾ ചർച്ച ചെയ്ത് നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതും തുടർനടപടി വിവരവും 17/23-നമ്പർ അന്വേഷണകുറിപ്പിനുള്ള മറുപടിയും ലഭ്യമാക്കേണ്ടതാണ്.

## 1-16 ഗുണഭോക്താവിന്റെ മരണശേഷം അക്കൗണ്ടിലേയ്ക്ക് പെൻഷൻ തുക അനുവദിച്ചു. തുക തിരികെ ഈടാക്കണം

സാമൂഹ്യസുരക്ഷാ പെൻഷൻ സൈറ്റിലെ പരിശോധനയിൽ പെൻഷൻ ലഭിച്ചുകൊണ്ടിരുന്നവരുടെ മരണ ശേഷവും പ്രസ്തുത വ്യക്തികളുടെ അക്കൗണ്ടുകളിലേയ്ക്ക് തുടർമാസങ്ങളിലും പെൻഷൻ നല്കിയെന്ന് കണ്ടെത്തി. അപ്രകാരം കണ്ടെത്തിയ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | പെൻഷൻ ഐ.ഡി | മരണ തിയതി. | തുക നൽകിയ മാസങ്ങൾ | ആകെ തുക |
|---|---|---|---|---|
| സുലോചന | 10297040037 (ദേശീയ വികലാംഗ പെൻഷൻ) | 24/10/2021 രജി.നം.75/2021) | 11/2021മുതൽ 8/ 2022(1600/-രൂപ വീതം) | 1600x10=16000/- |
| സെൽവമണി/ സെൽവനായകി.M.J | 102550201674 വാർദ്ധ്യകാല പെൻഷൻ. | 21/12/2021 | 1/2022 മുതൽ 2023ജൂൺ വരെ (1600/-രൂപ വീതം) | 18x1600=28800/- |

ഇപ്രകാരം മരണ ശേഷവും തുക അനുവദിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 41/23-ന് നൽകിയ മറുപടിയിൽ സുലോചന എന്ന വ്യക്തിയ്ക്ക് നൽകിയ തുക ഉടൻതന്നെ അടവാക്കുന്നതാണെന്ന് ബന്ധുക്കൾ അറിയിച്ചതായും, സെൽവനായകി എന്നയാൾക്ക് പെൻഷൻ നൽകി വന്നത് ആര്യനാട് പഞ്ചായത്ത് വഴിയാണെന്നും അറിയിച്ചു. പഞ്ചായത്തിൽ നിന്നും പെൻഷൻ വാങ്ങുന്നവർ മരണപ്പെട്ടുവെന്ന് ഉറപ്പുവരുത്തി മരണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന പഞ്ചായത്ത് മരണപ്പെട്ട മാസം തന്നെ പെൻഷൻ റദ്ദ് ചെയ്യാത്തതിനാലാണ് ഇപ്രകാരം പെൻഷൻ മരണശേഷവും അക്കൗണ്ടുകളിൽ എത്തുന്നതിന് കാരണമാവുന്നത്. ആയതിനാൽ മരണപ്പെട്ടവരുടെ പെൻഷൻ വിവരങ്ങൾ ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പരിശോധിക്കേണ്ടതും മരണ ശേഷം പെൻഷൻ നൽകുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ക്രമവിരുദ്ധമായി നൽകിയ പെൻഷൻ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക കൈമാറി-1,44,000/-രൂപ തടസ്സപ്പെടുത്തുന്നു.

സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28/5/2022പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ ഖ.7.6.7 പ്രകാരം വരുമാനപരിധിയ്ക്ക് വിധേയമായി വൃക്കരോഗികൾക്ക് ഡയാലിസ് നടത്തുന്നതിന് ആഴ്ചയിൽ 1000/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000/-രൂപ ബന്ധപ്പെട്ട ആശുപത്രിയ്ക്ക് നൽകാവുന്നതാണ്. പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും ഏറ്റെടുക്കാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും പദ്ധതി നടപ്പിലാക്കാവുന്നതാണ്. വരുമാന പരിധിയ്ക്ക് വിധേയമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണം. S0234/2023 നമ്പർ "വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം" എന്ന പദ്ധതി പഞ്ചായത്ത് വിഭാവനം ചെയ്തു് ഡി.പി.സി. അംഗീകാരം നേടിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളിലും പ്രവർത്തനങ്ങളിലും പദ്ധതി നിർവഹണം ജില്ലാ പഞ്ചായത്തിനാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| പദ്ധതിയുടെ പേര് | 234/22 (വൃക്കരോഗികൾക്ക് ഡയലിസിസിന് ധനസഹായം) |
| അടങ്കൽതുക | 150000/-(തനത് ഫണ്ട്) 150000/-(ബ്ലോക്ക് വിഹിതം) ആകെ-300000/- |
| ചെലവ് | 144000/- |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ആഫീസർ |

| | |
|---|---|
| ബിൽ നമ്പർ | വൌച്ചർ നം. 507705-തിയതി-30/3/2023. |

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിനുശേഷം

1.മാർഗ്ഗരേഖ അനുസരിച്ച് പദ്ധതി ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കാതെ ജില്ലാ പഞ്ചായത്തിന് തുക കൈമാറിയതിനുള്ള വിശദീകരണവും,

2.പദ്ധതിയ്ക്കായി(234/22നമ്പർ പദ്ധതി.) ജില്ലാ പഞ്ചായത്തിന് 144000/-രൂപ നൽകിയതിനാൽ ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനും,

3.ജനറൽ കമ്മിറ്റി അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ഓഡിറ്റിന് ലഭ്യമാക്കാനും,

4.ഗുണഭോക്താക്കൾ പഞ്ചായത്തിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കാനും നൽകിയ അന്വേഷണകുറിപ്പ് 11/23-നുള്ള മറുപടിയിൽ ജില്ലാ പഞ്ചായത്ത് 23/3/2023- ലെ E3/570/2021/TDPനമ്പർ കത്ത് പ്രകാരം പഞ്ചായത്തിന് നിർദ്ദേശം നൽകിയതുകൊണ്ടാണ് പദ്ധതിയ്ക്കായുള്ള തുക ജില്ലാ പഞ്ചായത്തിന്റെ SBIയുടെ പട്ടംശാഖയിലുള്ള 67179150579 നമ്പർ അക്കൗണ്ടിലേയ്ക്ക് നൽകിയതെന്നും, വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലായെന്നും അറിയിച്ചു.പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A.മാർഗ്ഗരേഖ അനുസരിച്ച് വൃക്കരോഗികൾക്ക് ഡയലിസിസിന് ധനസഹായം എന്ന പദ്ധതി ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും നേരിട്ട് മെഡിക്കൽ ആഫീസർ മുഖേന നടപ്പിലാക്കേണ്ടതാണ്. എന്നാൽ പദ്ധതിയ്ക്കായി തുക കൈമാറാൻ ജില്ലാ പഞ്ചായത്ത് ഗ്രാമപഞ്ചായത്തിന് നൽകിയ കത്തിൽ പദ്ധതി ജില്ലാ പഞ്ചായത്തിനെ നിർവഹണം നടത്താൻ അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് രേഖപ്പെടുത്തിയിട്ടില്ല.

B.സംയുക്ത പദ്ധതിയായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ തീരുമാനം എടുക്കുന്നതിന് ജില്ലാ വകുപ്പ് മേധാവികളുടെയും ത്രിതല പഞ്ചായത്തുകളുടെയും സംയുക്തയോഗം ജില്ലാ ആസൂത്ര സമിതി വിളിച്ച് കൂട്ടേണ്ടതാണ്. എന്നാൽ ആയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

C.വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സ.ഉ.(കൈ)84/2022/തസ്വഭവ തിയതി 19/4/2022 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ 3.5.4(5)പ്രകാരം സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളായ തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ നിർവഹണം ആരംഭിക്കുന്നതിന് മുമ്പായി ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ അപ്രകാരം കരാർ ചമച്ചതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല. അപ്രകാരം കരാർ ഇല്ലാതെയാണ് തുക നൽകാൻ ഭരണസമിതി നിർവഹണോദ്യാഗസ്ഥന് നിർദ്ദേശം നൽകിയത്.

D.18/9/2022-ൽ തദ്ദേശസ്വയംഭരണ (ഡി എ)വകുപ്പ് ഡി.എ.1/151/2022 തസ്വഭവ പ്രകാരം പുറപ്പെടുവിച്ച സർക്കുലറിൽ കാസ്പ്, കാരുണ്യ ബെനവലന്റ് ഫണ്ട് തുടങ്ങിയവ വഴി ധനസഹായം ലഭിക്കുന്നവരെ ഒഴിവാക്കി പഞ്ചായത്തുകൾ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി നിർവഹണോദ്യോഗസ്ഥന് നൽകേണ്ടതാണ്. പ്രസ്തുത പട്ടിക ഗ്രാമസഭകൾ നിർബന്ധമായും അംഗീകരിച്ചിരിക്കണം. എന്നാൽ ഗ്രാമസഭകൾ അംഗീകരിച്ച പദ്ധതി ഗുണഭോക്താക്കളുടെ ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

E.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.
ഗുണഭോക്തൃ ലിസ്റ്റ്, വിനിയോഗസാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭിക്കാത്തതിനാൽ പദ്ധതിയുടെ ആനുകൂല്യം ഗ്രാമപഞ്ചായത്തിലെ എത്രപേർക്ക് ലഭിച്ചുവെന്ന് കണ്ടെത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും, ഗുണഭോക്തൃലിസ്റ്റും, വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കാത്തതിനാൽ പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിന് നൽകിയ 150000/-രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി അനുസരിച്ച് തുക ജില്ല പഞ്ചായത്തിന് നൽകിയതിനുള്ള സർക്കാർ സാധൂകരണവും, മോണിറ്ററിംഗ് റിപ്പോർട്ടും, ഗുണഭോക്തൃലിസ്റ്റും, വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടാതണ്.

## 1-18 ചെലവുരേഖകൾ ഹാജരാക്കിയില്ല- 4,97,849/- രൂപ തടസ്സപ്പെടുത്തുന്നു.

ധനകാര്യപത്രിക (RP-30) പ്രകാരം 4,97,849/- രൂപ MPLADS എന്നയിനത്തിൽ ലഭ്യമായിട്ടുണ്ട്. ജേണൽ വൗച്ചർ നം 42201575 /31.03.2023 പ്രകാരം തുക ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത ചെലവിന്റെ വിശദാംശങ്ങൾ ILGMS ൽ രേഖപ്പെടുത്തിയിട്ടില്ല. ചെലവുരേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനും (നം.33/3.10.2023) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ ചെലവുതുക 4,97,849/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 ഭരണസമിതി തീരുമാനം സെക്രട്ടറി നടപ്പിലാക്കിയില്ല.പലിശയിനത്തിൽ നഷ്ടം സംഭവിക്കുന്നു.

ചെങ്കൽ ഗ്രാമപഞ്ചായത്തിൽ ജലജീവൻ പദ്ധതി പ്രകാരം പൈപ്പ് ലൈൻ സ്ഥാപിക്കുമ്പോൾ കട്ട് ചെയ്യുന്ന റോഡുകൾ പുനസ്ഥാപിക്കുന്നതിന് കേരളവാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും അഞ്ച് കോടി രൂപ ലഭിച്ചതും ടി തുക പഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്ന കാനറാ ബാങ്ക് അമരവിള ശാഖയിലെ 110035166323 നമ്പർ അക്കൗണ്ടിൽ 9/5/2022-ൽ വരവ് രേഖപ്പെടുത്തിയതും 16.05.22-ാം തിയതിയിൽ യോഗം കൂടിയ പഞ്ചായത്ത് കമ്മിറ്റിചർച്ച ചെയ്തു. റോഡ് കട്ടിംഗ് പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് പലിശ ഇനത്തിൽ വരവ് ലഭിക്കുന്നതിനായി പ്രസ്തുത തുകയിൽ നാലുകോടി അമ്പത് ലക്ഷം രൂപ 6 മാസത്തേക്ക് സ്ഥിര നിക്ഷേപമായി ടി ബാങ്കിൽ നിക്ഷേപിക്കുവാനും റോഡ് റീസ്റ്റോറേഷൻ പ്രവൃത്തിക്ക് പേമെൻറ് നൽകേണ്ട സമയത്ത് പിൻവലിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി കമ്മിറ്റി തീരുമാനിച്ചു. ജലജീവൻ പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ 25/4/2022 തീയതിയിലെ 714598 നമ്പർ ചെക്ക് പ്രകാരം പഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്ന 110035166323 നമ്പർ അക്കൗണ്ടിൽ 9/5/2022-ൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ കേരള വാട്ടർ അതോറിറ്റിയുടെ 27/4/2022-ലെ Kwa/pd4/328/2021 കത്ത് പ്രകാരം പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ള അനുമതി നൽകാനും, പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡ് പുനസ്ഥാപന പ്രവൃത്തികൾ നടത്തി ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനും ആവശ്യപ്പെട്ടിരുന്നു. ആയത് പ്രകാരം 31/23 നമ്പർ അന്വേഷണകുറിപ്പ് പ്രകാരം ചുവടെ വിവരിക്കുന്ന അധിക വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു.

1. കേരള വാട്ടർ അതോറിറ്റിയുടെ 27/4/2022-ലെ Kwa/pd 4/328/2021 കത്ത് പ്രകാരം പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ള അനുമതി നൽകാനും, പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡ് പുനസ്ഥാപന പ്രവൃത്തികൾ നടത്തി ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനും ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത അനുമതിയും, വിനിയോഗസാക്ഷ്യപത്രവും നൽകിയിട്ടുണ്ടെങ്കിൽ അവയുടെ പകർപ്പുകൾ.

2.പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ നടപ്പിലാക്കാൻ തുക വകയിരുത്തിയ പ്രോജക്ടുകളുടെ വിശദവിവരങ്ങൾ.

3.പഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്ന കനറാ ബാങ്ക് അക്കൗണ്ടിൽ 31/3/2023-ൽ 51622506/-രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു. 16.05.22-ാം തീയതിയിലെ കമ്മിറ്റി തീരുമാനം പ്രകാരം 45000000/- രൂപ സ്ഥിരനിക്ഷേപമായി മാറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പിയും, സ്ഥിരനിക്ഷേപമായി മാറ്റിയിട്ടില്ലായെങ്കിൽ കമ്മിറ്റി തീരുമാനം നടപ്പിലാക്കാത്തിനാൽ നാളിതുവരെയുള്ള പലിശ നഷ്ടത്തിന് വിശദീകരണം.

മേൽ പറഞ്ഞ വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ 31/23 നമ്പർ അന്വേഷണകുറിപ്പിന് ഗ്രാമപഞ്ചായത്ത് മറുപടിയോ, രേഖകളോ ലഭ്യമാക്കിയില്ല. ആയതിനാൽ ജലജീവൻ പദ്ധതി പ്രകാരം പൈപ്പ് കണക്ഷൻ നൽകുന്നതിനായി പൊളിച്ച റോഡുകൾ പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. കൂടാതെ 16.05.22-ാം തീയതിയിലെ കമ്മിറ്റി തീരുമാനം പ്രകാരം 45000000/-രൂപ 9/2023 വരെ സ്ഥിരനിക്ഷേപമായി മാറ്റിയിട്ടില്ലായെന്ന് ബാങ്ക് പാസ്ബുക്ക് പരിശോധിച്ചതിൽ നിന്നും വ്യക്തമായി. ഭരണസമിതി തീരുമാനപ്രകാരം 4,50,00000/-രൂപ സ്ഥിരനിക്ഷേപമായി മാറ്റാത്തതിനാൽ കാനറാ ബാങ്ക് 6 മാസത്തേയ്ക്ക് 2022 -ൽ നൽകി വന്ന 5.61 % നിരക്കിൽ പലിശ കണക്കാക്കുമ്പോൾ ഗ്രാമപഞ്ചായത്തിന് സംഭവിച്ച നഷ്ടം കണക്കാക്കി ആയതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് പരാമർശം ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും, ഭരണസമിതിയും പരിശോധിക്കേണ്ടതും, ഭരണസമിതി തീരുമാനം നടപ്പിലാക്കാതെ പലിശ നഷ്ടപ്പെടുന്നതിനുള്ള വിശദീകരണവും, ഓഡിറ്റ് അന്വേഷണകുറിപ്പിനുള്ള മറുപടിയും ലഭ്യമാക്കേണ്ടതാണ്.

## 1-20 ഗ്രാന്റിനത്തിൽ ലഭ്യമായ തുകകൾ ചെലവഴിക്കാത്തതിന് കാരണം വ്യക്തമല്ല.

(എ) ബാലൻസ് ഷീറ്റ്(ബി4 ഷെഡ്യൂൾ) പ്രകാരം മുൻവർഷങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ തൻവർഷവും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ

| ഇനം | നീക്കിയിരിപ്പ് 2021-22 | നീക്കിയിരിപ്പ് 2022-23 |
|---|---|---|
| Literacy Scheme Grant | 179983 | 179983 |
| Donations To CMDRF | 94373 | 94373 |
| Donations Related To Pandemic And Epidemic Control | 12000 | 12000 |

| | | |
|---|---|---|
| Other Grants , Contributions For Specific Purpose | 12500 | 12500 |
| Grant For Keralolsavam | 20000 | 20000 |
| Grant, Funds - Other Govt Agencies | 7126557 | 7141557 |

തുക വർഷങ്ങളായി ചെലവഴിക്കാതെ അവശേഷിച്ചിരിക്കുന്നതിന് കാരണം വ്യക്തമാക്കിയില്ല. ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിച്ച് അതാത് ആവശ്യങ്ങൾക്കായി ചെലവഴിക്കുകയോ അല്ലാത്ത പക്ഷം ബന്ധപ്പെട്ട ശീർഷകത്തിലേയ്ക്ക് തിരികെ ഒടുക്കുവരുത്തുകയോ ചെയ്യേണ്ടതാണ്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 22/30.09.2023)

(ബി) ബാലൻസ്ഷീറ്റ് ബി2ഷെഡ്യൂൾ പ്രകാരം നിലനിൽക്കുന്ന നീക്കിയിരിപ്പുതുകകൾ വർഷങ്ങളായി ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ

| ഇനം | നീക്കിയിരിപ്പ് 2021-22 | നീക്കിയിരിപ്പ് 2022-23 |
|---|---|---|
| Distress Relief Fund | 2470 | 2470 |
| Other Trust Of Agency Funds | 69945 | 69945 |

മേൽപരാമർശിച്ചിരിക്കുന്ന നീക്കിയിരിപ്പുകളുടെ വിശദാംശം, ബന്ധപ്പെട്ട അക്കൗണ്ടുകളുടെ രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-21 കാർഷിക മേഖലയിലെ പദ്ധതികളുടെ നിർവഹണം- അപാകങ്ങൾ പരിഹരിക്കണം.

കാർഷിക മേഖലയ്ക്കായി തുക വകയിരുത്തി പദ്ധതികൾ പ്രകാരം വാങ്ങുന്ന കാർഷിക വിഭവങ്ങളുടെയും, വിത്ത്, വളം എന്നിവയുടെ വിതരണം സംബന്ധിച്ച് കൃത്യമായ രേഖകൾ ഹാജരാക്കാനോ, മറുപടി നൽകാനോ നിർവഹണോദ്യോഗസ്ഥന് സാധിച്ചിട്ടില്ല. ആയതിന് ഉദാഹരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S062/22,കേദാരം സമഗ്രനെൽകൃഷി വികസനം |
| അടങ്കൽ തുക | പ്ലാൻ-228060/-<br>ബ്ലോക്ക് വിഹിതം-91712/-<br>മറ്റുള്ളവ-2595988/-<br>ആകെ-2915760/- |
| ചെലവ് തുക | 227700/- |
| ബിൽനമ്പർ, തുക | 3, 28/4/2022 -156460/-<br>4, 26/8/2022- 71240/- |
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ആഫീസർ. |

1. പദ്ധതി പ്രകാരം 156460/-രൂപയുടെ വളവും, 71240/-രൂപയുടെ വിത്തും 6 പാടശേഖരസംഘങ്ങൾക്ക് നൽകി. പാടശേഖരസമിതികൾ ഹാജരാക്കുന്ന വളം വാങ്ങിയ ബില്ലുകളുടെ അടിസ്ഥാനത്തിൽ തുക വളം നൽകിയ സ്ഥാപനത്തിന് നൽകി. കൂടാതെ നാഷണൽ സീഡ് കേർപ്പറേഷനിൽ നിന്നും വാങ്ങിയ 548 കിലോ നെൽവിത്തും

സംഘങ്ങൾക്ക് നൽകി. എന്നാൽ പ്രസ്തുത സംഘങ്ങൾ പ്രവർത്തന സജീവമാണെന്ന് കൃഷി ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം കൃഷി സ്ഥലത്തിന്റെ വിസ്തൃതി 50 സെന്റ് എന്നത് ബാധകമാണ്. ഗ്രൂപ്പുകൾ കൃഷിഭവനിൽ രജിസ്റ്റർ ചെയ്യിരിക്കേണ്ടതും, നിർവഹണോദ്യോഗസ്ഥൻ കൺവീനറായ പർച്ചേയ്സ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് വാങ്ങി നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരം പാടശേഖരസമിതികൾ വാങ്ങിയ വളം, ലഭിച്ച നെൽവിത്ത് എന്നിവ കർഷകർക്ക് വിതരണം ചെയ്തതായ രേഖ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2. 2022-23 വർഷത്തിൽ ആകെ 10പദ്ധതികൾക്കായി 7911203/- രൂപ വകയിരുത്തി 2682544/-രൂപ ചെലവാക്കി. പദ്ധതി നിർവഹണം 100% പൂർത്തീകരിക്കുവാൻ നിർവഹണോദ്യോഗസ്ഥന് സാധിച്ചിട്ടില്ല. കൂടാതെ നിർവഹണം നടത്തിയ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കിയെന്ന മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 23/23-ന് നിർവഹണോദ്യാഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് ആവശ്യപ്പെട്ട രേഖകളും മറുപടിയും ലഭ്യമാക്കേണ്ടതാണ്.

## 1-22 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന ചെലവുരേഖകൾ ഹാജരാക്കിയില്ല-5,30,000/- രൂപ തടസ്സപ്പെടുത്തുന്നു.

(എ) റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിൽ (RP 13) ഫെസ്റ്റിവൽ ചെലവുകൾ എന്നയിനത്തിൽ 50,000/- രൂപ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക ജേണൽ വൗച്ചർ 42201636/ 31.03.2023 പ്രകാരം Salaries - Permanent Staff എന്ന് രേഖപ്പെടുത്തി ചെലവുരേഖപ്പെടുത്തിയിരിക്കുന്നു. ചെലവിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

(ബി) Grants And Contributions – Other Government Agencies എന്നയിനത്തിൽ 495000/- രൂപ വരവായി രേഖപ്പെടുത്തിയിരിക്കുന്നു. ലെഡ്ജറിൽ രേഖപ്പെടുത്തിയിരിക്കുന്ന വരവ്, ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | Amount | ചെലവിനം | തുക |
|---|---|---|---|
| Grant For Ayurveda | 4,50,000 | State Share Life Expenditure 2022-23 | 4,80,000 |
| ജനകീയ ഹോട്ടൽ | 4,5,000 | | |
| ആകെ വരവ് | 4,95,000 | | |

ആയുർവേദം, ജനകീയ ഹോട്ടൽ എന്നിങ്ങനെ റിമാർക്സ് രേഖപ്പെടുത്തി വരവ് ബുക്ക് ചെയ്യിരിക്കുന്ന തുകകൾ, വരവുമായി ബന്ധപ്പെട്ട ഇനങ്ങൾക്കായി ചെലവാക്കാതെ ലൈഫ്-സംസ്ഥാനവിഹിതം എന്നയിനത്തിലാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് (ജേണൽ വൗച്ചർ നം 42201608/31.03.23) . ഫണ്ടുകൾ ലഭ്യമായ ആവശ്യത്തിന് ചെലവാക്കാതെ വകമാറ്റി ചെലവ്വ രേഖപ്പെടുത്തിയിരിക്കുന്നതിന് കാരണം വ്യക്തമല്ല. (സുലേഖ ചെലവ്വ പത്രിക പ്രകാരം ലൈഫ് ഭവനപദ്ധതിയ്ക്കായുള്ള സംസ്ഥാനാവിഷ്കൃതഫണ്ടിന്റെ ചെലവ് 3,60,000/- രൂപയാണ്) .

ചെലവുരേഖകൾ, മറുപടി എന്നിവ ലഭ്യമാക്കാത്തതിനാൽ ചെലവ്വ തുക 5,30,000/-രൂപ (എ, ബി പ്രകാരമുള്ള തുക) തടസ്സപ്പെടുത്തുന്നു.

## 1-23 ഖരമാലിന്യം തരംതിരിക്കൽ- നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം., പേര് - 44/23 , ഖരമാലിന്യം തരംതിരിക്കലും ഗതാഗതവും

അടങ്കൽ - 1 ലക്ഷം /- ( തനത് ഫണ്ട്)

ചെലവ് - 1 ലക്ഷം ( Rs 15200 /- ചെക്ക് നം 060752/22.09.22)

Rs 50000/- ചെക്ക് നം 507742/31.03.23

Rs 34800/- ചെക്ക് നം 614994/04.02.23)

ചെലവുതുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ തുക | ചെലവിന്റെ വിശദാംശം | തുക കൈപ്പറ്റിയ വ്യക്തി | |
|---|---|---|---|
| 15200/- | 11000/- വാഹന വാടക<br>4200/- കയറ്റിറക്ക് കൂലി<br>(സുരേഷ് ബാബു - 1400/-<br>ആദർശ് എം ജി - 1400/-<br>സുജിത്ത് - 1400/- ) | ആദർശ് എം ജി | 21 വാർഡുകളിൽ നിന്നും ഹരിതകർമസേനയുടെ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് MCF ൽ കൊണ്ടുവന്ന ഇനത്തിലുള്ള തുക |
| 34800/- | 28000/- വാഹന വാടക<br>3780/- കയറ്റിറക്ക് കൂലി<br>(രതീഷ് - 1890<br>സജി - 1890)<br>5040/-കയറ്റിറക്ക് കൂലി<br>(രതീഷ് - 2520-<br>സജി - 2520/- ) | നിതിൻ എം എ | 21 വാർഡുകളിൽ നിന്നും ഹരിതകർമസേനയുടെ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് MCF ൽ കൊണ്ടുവന്ന ഇനത്തിലുള്ള തുക |
| 50000 | 43000/- വാഹന വാടക<br>3780/- കയറ്റിറക്ക് കൂലി<br>(ശിവരാമൻ പി കെ )<br>6300/- (രജീഷ് പി എസ് ) | രജീഷ് പി എസ് | ഹരിത നെയ്യാറിന്റെ ഭാഗമായി ഹരിതകർമസേന ശേഖരിച്ച മാലിന്യങ്ങൾ MCF ൽ എത്തിച്ച തുക |

പഞ്ചായത്തിലെ 21 വാർഡുകളിൽ നിന്നും ഹരിതകർമസേനാംഗങ്ങൾ ശേഖരിച്ച് കൊണ്ടുവരുന്ന സോളിഡ് വേസ്റ്റുകൾ തരം തിരിച്ച് പ്രത്യേക ഭാഗത്ത് വയ്ക്കുന്നതിനും ഇവ യഥാസ്ഥലങ്ങളിൽ കൊണ്ടുപോകുന്നതിനുമായി ട്രാൻസ്പോർട്ടേഷൻ എന്നിവയ്ക്ക് വേണ്ടി തുക വകയിരുത്തുകയും (പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം) ഹരിതകർമസേന കളക്ട് ചെയ്ത് 21 മിനി എം.സി.എഫുകളിലായി സൂക്ഷിച്ചിരുന്ന പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് എം.സി.എഫിൽ കൊണ്ടുവന്ന ഇനത്തിലുള്ള ചെലവിനായി 1 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഹരിതകർമസേനയ്ക്ക് ആരംഭത്തിൽ സ്വന്തമായി വാഹനം ഇല്ലാതിരുന്നതിനാൽ പഞ്ചായത്ത് ഏർപ്പെടുത്തിയ വാഹനങ്ങളിൽ 2022-23 വർഷം വാഹനവാടകയിനത്തിൽ 82,000/- തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നു.

വാഹന വാടക നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

2. വാഹനവാടകയോടൊപ്പം കയറ്റിറക്കുകൂലിയിനത്തിൽ 23,100/- രൂപ കൂടി നൽകിയിരിക്കുന്നു. ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചുള്ള സ.ഉ.(സാധാ)1496/2020 ത.സ്വ.ഭ.വ. 12/8/2020 ഉത്തരവിൽ മാലിന്യനീക്കം സംബന്ധിച്ച വിഷയത്തിൽ ഹരിതകർമസേന, തദ്ദേശഭരണസ്ഥാപനം, ക്ലീൻ കേരള കമ്പനിപോലുള്ള ഏജൻസികൾ എന്നിവരുടെ ചുമതലകൾ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത മാർഗരേഖ പ്രകാരം അജൈവ മാലിന്യങ്ങൾ വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുക എന്ന ചുമതലയാണ് ഹരിതകർമസേന നിർവഹിക്കേണ്ടത്. ഹരിത കർമസേനയ്ക്ക് വാഹനസൗകര്യം ഒരുക്കേണ്ടത് തദ്ദേശഭരണസ്ഥാപനത്തിന്റെ ചുമതലയാണ്. പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള ക്ലീൻകേരള കമ്പനിയുടെ ചുമതലയിൽ എം.സി.എഫുകളിൽ നിന്നും നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് സൂക്ഷിച്ചിട്ടുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സ്വന്തം ഉത്തരവാദിത്തത്തിൽ ആർ.ആർ.എഫ്. കളിലേയ്ക്ക് ട്രാൻസ്പോർട്ട് ചെയ്യേണ്ടതാണ്. മേലുത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ഹരിതകർമസേനയുടെ അജൈവമാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫിൽ കൊണ്ടുപോകുന്നതിന് കയറ്റിറക്ക് കൂലിയനിത്തിൽ 23,100/- രൂപ ചെലവഴിച്ചിരിക്കുന്നത്.

അപാകതകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/30.9.2023) ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ് "ക്ലീൻകേരള കമ്പനി റഗുലറായി ആദ്യഘട്ടത്തിൽ മാലിന്യനീക്കം നടത്തിയിരുന്നില്ലായെന്നും, അത്തരം സ്ഥിരം സംവിധാനം ഇല്ലാതിരുന്ന സാഹചര്യത്തിൽ മറ്റ് വാഹനങ്ങൾ ഏർപ്പെടുത്തി മാലിന്യനീക്കം നടത്തിയതെന്നും ഹസാർഡസ് വേസ്റ്റുകൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ വാഹനത്തിൽ കയറ്റി ഇറക്കുന്നതിന് ഹരിതകർമസേനാംഗങ്ങൾക്ക് കഴിയാത്ത സാഹചര്യത്തിലാണ് ലോഡിംഗ് അൺലോഡിംഗ് ചാർജ് നൽകേണ്ടിവന്നിട്ടുള്ളതെന്നും ഇനി മുതൽ കയറ്റിറക്കുകൂലിയിനത്തിൽ തുക നൽകുന്നതല്ല".

മാലിന്യസംസ്കരണരംഗത്ത് പ്രവർത്തിക്കുന്ന ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായുള്ള പഞ്ചായത്തിന്റെ സഹായം എന്ന നിലയിൽ പരിഗണിച്ചുകൊണ്ട്, തനത് ഫണ്ടിൽ നിന്നും നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചിരിക്കുന്ന 23100/-രൂപ യുടെ ചെലവിന് പഞ്ചായത്ത് ഭരണസമിതി സാധൂകരണം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ദുരിതാശ്വാസ നിധി രൂപീകരണം

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രകൃതിക്ഷോഭങ്ങൾ, അഗ്നിബാധ, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന നിർദ്ധനരായ പഞ്ചായത്തുനിവാസികൾക്ക് അടിയന്തരസഹായം നൽകുന്നതിനായി ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. പഞ്ചായത്തിൽ ഇത്തരത്തിൽ ഒരു നിധി രൂപീകരിച്ചിട്ടില്ലെന്നും ആയതിനായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ലെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/25.9.2023 ) മറുപടി ലഭ്യമാക്കിയത്.

എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം (ബി2 ഷെഡ്യൂൾ) Panchayat Distress Releif Fund എന്നയിനത്തിൽ 2470/- രൂപ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത രേഖപ്പെടുത്തലിന് വ്യക്തത വരുത്തേണ്ടതും 2003ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ച് അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈക്കൊള്ളാവുന്നതുമാണ്.

## 1-25 നോൺഅവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ മരുന്നുകൾ വാങ്ങി.

2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ആഫീസർ (പി.എച്ച്.സി)നിർവഹണം നടത്തി ചുവടെ വിവരിക്കും പ്രകാരം നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ മരുന്നുകൾ സപ്ലൈകോയിൽ നിന്നും വാങ്ങി.

| പദ്ധതിയുടെ നമ്പർ, പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|
| 236/22<br>ഗുരുതര രോഗികൾക്ക് മരുന്ന് വാങ്ങൽ | 300000/-(റോഡിതരം) | 300000/- |

| | | |
|---|---|---|
| 364/22<br>എഫ്.എച്ച്.സി.യിൽ മരുന്ന് വാങ്ങൽ | 290302/-(പൊതു) | 280481/- |
| 361/22<br>അതിദാരിദ്ര്യം-മരുന്ന് വാങ്ങൽ | 300000/-(പൊതു) | 232362/- |
| 326/22<br>വൃദ്ധർക്ക് സാന്ത്വനപരിചരണം | 904970/-(പൊതു) | 759373/- |
| | ആകെ | 1572216/- |

സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28/5/2022- പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ 7.6.4-ൽ മരുന്നുകൾ ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടത് ആരോഗ്യവകപ്പാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാവുന്നതാണ്. എന്നാൽ അത്തരത്തിൽ മരുന്ന് വാങ്ങുന്നതിന് ജില്ലാ മെഡിക്കൽ ആഫീസറുടെ നോൺഅവയിലബിലിറ്റി സർട്ടിഫിക്കറ്റ് നിർബന്ധമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം മരുന്നുകൾ തദ്ദേശസ്ഥാപനത്തിന്റെ പദ്ധതികൾ പ്രകാരം വാങ്ങുന്നതിന് ജില്ലാ മെഡിക്കൽ ആഫീസറുടെ നോൺഅവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതും, ലഭ്യമാക്കിയിട്ടില്ലായെങ്കിൽ ആയതിന് വിശദീകരണം ലഭ്യമാക്കാനും നൽകിയ അന്വേഷണകുറിപ്പ് 16/23 – ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയില്ല. വിവിധ പദ്ധതികളിലായി 1297674/-രൂപയുടെ മരുന്ന് ജില്ലാ മെഡിക്കൽ ആഫീസറുടെ നോൺഅവയിലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ സപ്ലൈകോയിൽ നിന്നും വാങ്ങിയത് നിയമാനുസൃതമല്ല. ആയതിനാൽ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ടുകളും അന്വേഷണകുറിപ്പിനുള്ള മറുപടിയും ലഭ്യമാക്കേണ്ടതാണ്.

## 1-26 വികസന ഫണ്ട് ( എസ്.സി.പി) ഇനത്തിൽ കുറവുവന്ന തുക ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിച്ചില്ല.

2022-23 സാമ്പത്തിക വർഷം ലൈഫ് മിഷൻ സമ്പൂർണ ഭവനപദ്ധതിയ്ക്കായി KURDFC മുഖേന ഹഡ്കോയിൽ നിന്നും പഞ്ചായത്തിന് അനുവദിച്ച വായ്പയിനത്തിലെ ആകെ തിരിച്ചടവ് 58,46,265/-രൂപയാണ് (ചെലവുപത്രികപ്രകാരം). ആയതിൽ എസ്.സി.പി ഫണ്ടിനത്തിലെ തിരിച്ചടവ് 2,91,183/- രൂപയാണ്.

ഗ്രാമപഞ്ചായത്തിന്റെ ചെലവുപത്രിക പ്രകാരവും, വി.ഇ.ഒ (ബി) സർക്കിൾ ഓഡിറ്റ് അന്വേഷണത്തിന് (നം.15/27.09.23) ലഭ്യമാക്കിയ മറുപടി പ്രകാരവും പഞ്ചായത്തിലെ എസ്.സി. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കായി പഞ്ചായത്തിന് ഹഡ്കോ വായ്പ (എസ്.സി.പി) ഫണ്ടിനത്തിൽ വായ്പ ലഭ്യമായതായോ, ചെലവഴിച്ചതായോ കാണുന്നില്ല. എന്നാൽ മുൻവർഷങ്ങളുൾപ്പെടെ 2022-23 സാമ്പത്തിക വർഷവും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) എന്നയിനത്തിൽ ജി.ഒ പ്രോജക്ടിനത്തിൽ തുക കുറവ് വരുത്തിയാണ് എസ്.സി.പി ഫണ്ട് ലഭ്യമായിരിക്കുന്നത് (നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി) . 2022-23ലെ ചെലവുപത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | പ്രോജക്ട് നം | വായ്പ തിരിച്ചടവിനത്തിൽ എസ്.സി.പി ഫണ്ടിൽ കുറവ് ചെയ്ത തുക | ബന്ധപ്പെട്ട സർക്കാർ ഉത്തരവ് നമ്പർ |
|---|---|---|---|
| 2022-23 | 379/2023<br>387/2023 | 291183 | GO(Rt)6872/2022/Fin Dated 12.10.2022 |

മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും (2020-21, 2021-22) ഇത് സംബന്ധിച്ച പരാമർശം ഉണ്ടായിരുന്നുവെങ്കിലും വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതായോ, ഉറവിടത്തിൽ കുറവ് ചെയ്ത തുക ക്രമീകരിച്ച് സർക്കാർ

അനുവദിച്ചതായോ ഉള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനും (നം.36/04.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഹഡ്കോവായ്പ (എസ്.സി.പി) ഫണ്ട് ഇനത്തിൽ വായ്പ എടുത്തിട്ടില്ലായെങ്കിലും ഇത്തരത്തിൽ വികസനഫണ്ടിൽ നിന്നും പഞ്ചായത്ത് വിഹിതം കുറവായി ലഭ്യമാകുന്നത് ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തത് ഉദ്യോഗസ്ഥതലത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-27 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.50000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | കോക്ലിയാർ ഇംപ്ലാന്റേഷന് ശേഷമുള്ള ഉപകരണങ്ങൾ വാങ്ങുവാനും റിപ്പയറിംഗിനുമുള്ള പദ്ധതി.<br>233/2023 |
| അടങ്കൽ തുക | 50000/-തനത് ഫണ്ട് |
| ചെലവ് തുക | 50000/- |
| വൗച്ചർ നമ്പർ | 453973 നമ്പർ വൗച്ചർ , 9/11/2022 |
| നിർവഹണം | മെഡിക്കൽ ആഫീസർ (പി.എച്ച്.സി) |

2022-23സാമ്പത്തിക വർഷത്തിൽ കോക്ലിയാർ ഇംപ്ലാന്റേഷന് ശേഷമുള്ള ഉപകരണങ്ങൾ വാങ്ങുവാനും റിപ്പയറിംഗിനുമുള്ള പദ്ധതിയക്കായി 50000/-രൂപ തനത് ഫണ്ടിൽ നിന്നും അടങ്കലായി വകയിരുത്തി 50000/-രൂപ 9/11/2022-ലെ 453973 നമ്പർ വൗച്ചർ പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറി. ആയതിന്റെ വിനിയോഗസാക്ഷ്യപത്രവും, പദ്ധതി പ്രകാരം തെരഞ്ഞെടുത്ത വ്യക്തിയുടെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 13/23-ന് നിർവഹണോദ്യോഗസ്ഥൻ മറുപടിയോ രേഖകളോ, മോണിറ്ററിംഗ് റിപ്പോർട്ടോ ലഭ്യമാക്കിയില്ല. അന്വേഷണകുറിപ്പ് 13/23-പ്രകാരം ആവശ്യപ്പെട്ട മറുപടിയോ രേഖകളോ, മോണിറ്ററിംഗ് റിപ്പോർട്ടോ ലഭ്യമാക്കാത്തതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 50000/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 മരുന്നു വാങ്ങൽ പദ്ധതി-മരുന്ന് ലഭ്യമായില്ല

പ്രോജക്ട് നമ്പർ - S00 42/23

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ പദ്ധതി

അടങ്കൽ - 150000/- രൂപ

ചെലവ് തുക – 150000/- (Bill No.2/2022-23,dtd 27.12.23)

2022-23സാമ്പത്തിക വർഷം 'ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ പദ്ധതി' പ്രകാരം 150000/- രൂപ (Bill No.2/23 Dtd.27.12.23) ഹോംകോയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 66473/-രൂപയ്ക്ക് മാത്രമെ മരുന്ന് ലഭ്യമായിട്ടുള്ളൂ. ശേഷിക്കുന്ന 83527/-രൂപയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 8ന് ശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുന്നതിന് ഹോംകോയ്ക്ക് കത്ത് നല്കിയിട്ടുണ്ടെന്ന് അറിയിച്ചു. പ്രസ്തുത മരുന്നുകൾ ലഭ്യമാക്കുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-29 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-1260998/-രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | അടവാക്കിയതുക (ബിൽ നമ്പർ ) | തുക അടവാക്കിയതിന്റെ വിവരം |
|---|---|---|---|
| 1 | എസ്.എസ്.എ വിഹിതം (SO166/23) | 900,000 Bill No.19/22-23 Dtd 26.8.22 | ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ |
| 2 | ജില്ലാആസൂത്രണ സമിതി സെക്രട്ടറിയേറ്റ് നിർമ്മാണം ബ്ലോക്ക് വിഹിതം (S0154/23) | 3,50,000/- Bill No.27/22-23 Dtd 26.9.22 | മെമ്പർ സെക്രട്ടറി ,ജില്ലാ ആസൂത്രണ സമിതി |
| 3 | IKM ന് തുക നല്കൽ (SO182/23) | 109998 Bill No.18/22-23 Dtd20.8.22 | ഡയറക്ടർ ,ഐ.കെ.എം |

മേൽ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-30 കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-125000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര്- കന്നുക്കുട്ടി പരിപാലനം (വനിത)

പ്രോജക്ടിന്റെ നമ്പർ-S0 200/23 അടങ്കൽ 850000/-

ചെലവ്- 125000/- (Bill No.15/23 Dtd 1.2.23)

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്റിനറി സർജൻ

2022-23 സാമ്പത്തിക വർഷത്തിൽ 'കന്നുക്കുട്ടി പരിപാലനം'- SO200/23 പ്രോജക്ടിനായി, Bill No.15/22-23 Dtd 1.2.23പ്രകാരം 125000/- രൂപ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 125000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 46ന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-31 മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ-ചെലവ് തുക (297699/-രൂപ) തടസ്സപ്പെടുത്തുന്നു.

2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വികസന ഫണ്ട് (എസ്.സി.പി) വകയിരുത്തി മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | നിർവഹണ ഉദ്യോഗസ്ഥൻ | ഫണ്ട് |
|---|---|---|---|
| 1 | ഊറ്റം കുളം വാർഡ് 8 | സെക്രട്ടറി | വികസന ഫണ്ട് |

| | | | |
|---|---|---|---|
| | ചെമ്മംവിള കോളനി വാർഡ് 12 എന്നിവിടങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (SO277/23) | | (എസ്.സി.പി) അടങ്കൽ 300000/- ചെലവ്- 297699/-രൂപ Bill No.51/23,dtd 29.3.23 |

പദ്ധതി നടത്തിപ്പിലെ അപാകത

- ഇലക്ട്രോ മെക്കാനിക്കൽ വർക്കുകൾക്ക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള സർക്കാർ അംഗീകൃത ഏജൻസികൾ (പി.എം.സി മാതൃകയിൽ) മുഖാന്തിരം നിർവഹണം നടത്തുന്നതിനായി സെക്രട്ടറി ഇ-ടെണ്ടർ ക്ഷണിക്കുകയും, 9 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. ടെണ്ടർ നിബന്ധനകൾ പാലിച്ച് ഇ-ടെണ്ടറിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്തത് SILK (Steel Industries Kerala Limited) എന്ന സ്ഥാപനത്തിന് മേൽ പ്രോജക്ടിന്റെ ടെണ്ടർ അംഗീകരിച്ച് നൽകുകയും ചെയ്തു. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം SILK പ്രവൃത്തി നിർവഹിച്ചിരിക്കുന്നതും തുക കൈപ്പറ്റിയിരിക്കുന്നതും നോൺ പി.എം.സി സ്ഥാപനങ്ങളുടേതിന് സമാനമായാണ്. അക്രഡിറ്റേഷൻ സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ 02/09/22-ലെ ജി.ഒ(പി)104/2022/ഫിൻ ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ മെക്കാനിക്കൽ വർക്ക് ചെയ്യുന്നതിനുള്ള PMC എന്ന നിലയിലാണ് ഇത്തരം പ്രവൃത്തികൾ ചെയ്യുന്നതിന് SILK ന് സർക്കാർ അക്രഡിറ്റേഷൻ നൽകിയിട്ടുള്ളത്. 28/04/21-ലെ ജി.ഒ(പി) 67/2021/ധന ഉത്തരവ് അനുസരിച്ച് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസികൾക്ക് പ്രവൃത്തികളുടെ നിർവ്വഹണം നേരിട്ട് ഏറ്റെടുക്കുന്നതിന് അനുമതിയില്ല. PMC ആയി പ്രവർത്തനങ്ങൾ ഏജൻസികളെ ഏൽപ്പിക്കുമ്പോൾ ഡിസൈൻ, ഡ്രോയിംഗ്, ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുക, സാങ്കേതികാനുമതി ലഭ്യമാക്കുക, ടെണ്ടർ നടപടികൾ, സൂപ്പർവിഷൻ, മെഷർമെന്റ്, ബില്ലുകളുടെ സൂക്ഷ്മപരിശോധന, ഡിഫെക്ട് ലയബിലിറ്റി കാലയളവിലെ പ്രവർത്തനം നിരീക്ഷിക്കുക എന്നിവ നിർവ്വഹിക്കേണ്ടത് പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റാണ്. അനുവദനീയമായ സെന്റേജ് ഇനത്തിലുള്ള തുക പി.എം.സി-യ്ക്കും പ്രവൃത്തിയുടെ തുക കരാറുകാർക്കുമാണ് അനുവദിക്കേണ്ടത്. ആയതിന് പഞ്ചായത്തും, PMCയും കരാറുകാരനും തമ്മിൽ ത്രികക്ഷി എഗ്രിമെന്റ് വയ്ക്കേണ്ടതുണ്ട്. പി.എം.സി ഏജൻസി എന്ന നിലയിൽ SILK ന്റെ ടെണ്ടർ പഞ്ചായത്ത് അംഗീകരിച്ചുവെങ്കിലും SILK തയാറാക്കേണ്ടിയിരുന്ന ഡി.പി.ആർ, ഉപകരാർ നൽകുന്നതിന് ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ, പ്രോജക്ട് ഏറ്റെടുത്ത കരാറുകാരന്റെ വിശദാംശം, കരാറിന്റെ പകർപ്പ് എന്നിവയൊന്നും ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പ്രവർത്തി നിർവഹണം പൂർത്തിയാക്കിയിരിക്കുന്നത്. 02.09.2022ലെ ജി.ഒ.(പി)104/2022/ധന. പ്രകാരം പി.എം.സി. സേവനങ്ങൾക്കു മാത്രം അക്രഡിറ്റേഷൻ ലഭിച്ച SILK പി.എം.സി. മാതൃകയിൽ പദ്ധതി നേരിട്ട് നിർവഹിച്ച് ബിൽതുക നേരിട്ട് കൈപ്പറ്റിയതായിട്ടാണ് കാണുന്നത്.
- മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ധനകാര്യ വകുപ്പിന്റെ പൊതുമാർഗ്ഗരേഖ(ജി.ഒ(പി)27/2017/ധന തീ.26/02/2017) അനുസരിച്ച് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട സ്ഥലം അനുയോജ്യമാണെന്ന കെ.എസ്.ഇ.ബി യിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കണം. ഈ നടപടിക്രമം പാലിച്ചില്ല.
  - മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല

  മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ വിവരിച്ച രീതിയിൽ പദ്ധതി നടപ്പാക്കാത്തതിനാലും സർക്കാർ ഉത്തരവ് ലംഘിച്ചതിനാലും ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-32 തോട്ടിൻകര ശിശുമന്ദിരം- കുട്ടികളുടെ ഹാജർ പരിപാലിക്കുന്നതിലെ അപാകത

പ്രോജക്ടിന്റെ പേര്-"തോട്ടിൻകര ശിശുമന്ദിരത്തിന് ഉച്ചഭക്ഷണം" (SO240/23),"

നിർവ്വഹണ ഉദ്യോഗസ്ഥ -ഹെഡ്മിസ്ട്രസ്സ്

അടങ്കൽ തുക – 200000/-

ചെലവ് തുക-143497/-(വിവിധ ബില്ലുകൾ)

തോട്ടിൻകര ശിശുമന്ദിരത്തിന് ഉച്ചഭക്ഷണം നൽകുന്നതിന് വേണ്ട സാധനങ്ങൾ വാങ്ങി പാചകം ചെയ്തു നൽകുന്നതിനും

പാചകം ചെയ്തു നല്കുന്നതിന്റെ ചെലവിനമായിട്ടാണ് തുക ചെലവഴിച്ചത്. ഓഡിറ്റിന്റെ ഭാഗമായി, നടത്തിയ സ്ഥലപരിശോധനയിൽ (27.9.23ന്, 11.15am) തോട്ടിൻകര നഴ്സറി സ്കൂൾ നേരിട്ട് സന്ദർശിച്ചു. പ്രസ്തുത തീയതിയിൽ നഴ്സറി സ്കൂളിൽ 20 കുട്ടികളും ടീച്ചറും ഹാജരായിട്ടുണ്ടായിരുന്നു. കുട്ടികളുടെ അഡ്മിഷൻ രജിസ്റ്റർ പരിശോധിച്ചതിൽ, കുട്ടികളുടെ അഡ്മിഷൻ തീയതി, വിട്ടുതലായ കുട്ടികളുടെ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. 2022-23ൽ ആകെ 32 കുട്ടികളാണ് രജിസ്റ്റർ പ്രകാരമുള്ളത്. എന്നാൽ പ്രോജക്ട് ഫയലിനൊപ്പം ലഭ്യമാക്കിയ ഹാജർ രേഖകളിൽ 35 കുട്ടികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിരുന്നു. തോട്ടിൻകര നഴ്സറി സ്കൂളിന് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങളുടെ വിവരം Stock Register- ൽ രേഖപ്പെടുത്തിയിട്ടില്ല. തുടർ വർഷങ്ങളിൽ മേൽ അപാകതകൾ ഉണ്ടാകാതിരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 മര്യാപുരം ടേക്ക് എ ബ്രേക്ക് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

സംസ്ഥാനത്തെ പ്രധാന പാതകളിൽ വിനോദ സഞ്ചാരികൾക്കും, യാത്രക്കാർക്കും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം ജനങ്ങൾക്ക് തൊഴിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാനവും സാധ്യമാക്കുന്നതിനാണ് സംസ്ഥാന സർക്കാർ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടികളിൽ ഉൾപ്പെടുത്തി, സ.ഉ.(സാധാ) നം. 1401/20/തസ്വഭവ തീയതി 27.7.2020 പ്രകാരം ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ചെങ്കൽ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രത്തിന്റെ നിർമാണം 8.6.2022 ന് പൂർത്തീകരിച്ചിട്ടുണ്ട്. മര്യാപുരം മാർക്കറ്റ് കോമ്പൗണ്ടിനുള്ളിലാണ് ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം സ്ഥാപിച്ചിരിക്കുന്നത്.












ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം പ്രവൃത്തി ആരംഭിക്കുകയും അതിനായി പ്രോജക്റ്റ് (പ്രോജക്ട് നം. 113/23) ഉൾപ്പെടുത്തി 2022-23 വർഷം 309830/-ചെലവഴിച്ച് പദ്ധതി നിർവഹണം പൂർത്തിയാക്കുകയും ചെയ്തിരിക്കുന്നത്. പ്രവൃത്തി പൂർത്തിയായെങ്കിലും പൊതുജനങ്ങൾക്കായി നാളിതുവരെ ഇത് തുറന്ന് പ്രവർത്തിക്കുന്നില്ല. ആയതിന്റെ പ്രവർത്തനം സംബന്ധിച്ച് ആരാഞ്ഞിരുന്നെങ്കിലും (എൻക്വയറി നമ്പർ 32 )മറുപടി ലഭ്യമാക്കിയില്ല.

## 1-34 സി.വി.രാമൻപിള്ള മെമ്മോറിയൽ ലൈബ്രറിയിൽ ടോയിലറ്റ് നിർമ്മാണം- അപാകത- 152538/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ- SO108/23

പ്രോജക്റ്റിന്റെ പേര്- സി.വി.രാമൻപിള്ള മെമ്മോറിയൽ ലൈബ്രറിയിൽ ടോയിലറ്റ് നിർമ്മാണം
അടങ്കൽ – 2 ലക്ഷം (180000- സംസ്ഥാനാവിഷ്കൃത ഫണ്ട്, 20000- മറ്റുള്ളവ)

ചെലവ് തുക-152538/-(Bill No.105/2.9.22)

നിർവ്വഹണഉദ്യോഗസ്ഥ-അസി.എഞ്ചിനീയർ

GO(RT) 171/2020/LSGD/dtd.22.01.2020 പ്രകാരം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ലൈബ്രറികളോടനുബന്ധിച്ച് ശൗചാലയം പണിയുന്നതിന് സ്വച്ഛ് ഭാരത് മിഷൻ(ഗ്രാമീൺ) പദ്ധതി പ്രകാരമുള്ള യൂണിറ്റ് കോസ്റ്റായ 200000/- രൂപയിൽ കേന്ദ്രസംസ്ഥാന വിഹിതമായ 180000/-രൂപ കിഴിച്ച് ബാക്കി വരുന്ന 20000/- രൂപ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ വഹിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ മേൽ പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്നുള്ള വിഹിതം ലഭ്യമായിട്ടില്ല. പ്രോജക്റ്റിനായി ചെലവഴിച്ചിരിക്കുന്ന തുകയ്ക്ക് ആനുപാതികമായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്നും ലഭ്യമാകേണ്ടിയിരുന്ന തുക (152538*11.12/100=16962.23) കുറച്ച് ബാക്കി തുകയാണ് ചെലവഴിക്കേണ്ടിയിരുന്നത്. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ പണിയുന്ന പൊതു ശൗചാലയങ്ങൾ, പൊതു ജനങ്ങൾക്ക് ഉപയോഗിക്കാൻ അനുവദിച്ച് കൊണ്ട് ലൈബ്രറികൗൺസിലിന്റെ സമ്മപത്രം ഫയലിൽ ലഭ്യമല്ല. പദ്ധതി നിർവ്വഹണം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേൽ നോട്ടത്തിൽ ബന്ധപ്പെട്ട ലൈബ്രറി ഭാരവാഹികൾ മാത്രം ഉൾപ്പെടുന്ന ഗുണഭോക്തൃ സമിതിയെ കൊണ്ട് നിർവഹിപ്പിക്കണമെന്നും പദ്ധതി നിർവ്വഹണം സംബന്ധിച്ച് സമിതി കൺവീനറും പഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ ഉടമ്പടിയിൽ ഒപ്പിട്ട ശേഷം മാത്രമേ പദ്ധതി നിർവ്വഹണം ആരംഭിക്കാവൂയെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥകൾ പാലിച്ചല്ല പ്രവൃത്തി നടത്തിയത്.

മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി നമ്പർ 39 ന്റെ മറുപടിയിൽ സമിതി കൺവീനറും പഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ ഉടമ്പടി ചമച്ചിട്ടില്ലായെന്നും, ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയാണ് പദ്ധതി ചെലവ് നടപ്പിലാക്കിയതെന്നും സൂചിപ്പിച്ചിരിക്കുന്നു. സർക്കാർ ഉത്തരവ് പാലിക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്നുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 ഇ- ടെണ്ടർ ഫോറവില ഈടാക്കുന്നത് സംബന്ധിച്ച്

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.4.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത് (28/9/13-ലെ ജി.ഒ (എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു).

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2022-23 വർഷം ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് ആരംഭിച്ച ബാങ്ക് അക്കൗണ്ടിന്റെ രേഖകൾ, ഇ-ടെണ്ടറായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം, ഇ-ടെണ്ടർ ഫീസിനത്തിൽ ലഭ്യമായ തുക, ഫീസിനത്തിൽ ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ തുടങ്ങിയവയുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നമ്പർ 7ന്റെ മറുപടിയിൽ 64 E-Tender പ്രവർത്തികൾ ചെയ്തതായും, എ.ഇ. യുടെ 38038906918 നമ്പർ ബാങ്ക് അക്കൗണ്ടിലാണ് Tender Fees വരുന്നതെന്നും ആയത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ സെക്രട്ടറിയ്ക്ക് തുക കൈമാറിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. മറുപടിക്കൊപ്പം ലഭ്യമാക്കിയ Bank Statement പരിശോധിച്ചതിൽ, പ്രസ്തുത അക്കൗണ്ടിൽ നിന്നും Ch.no.300013 Dtd 2.3.2023 Amt-6783/-, Ch.no.300014 Amt-6105/-dtd 23.3.2023 എന്നീ തുകകൾ ശ്രീ. ശരത്

എന്ന വ്യക്തിക്ക് നല്കിയിട്ടുണ്ട്. ഇ-ടെണ്ടർ അക്കൗണ്ടിൽ നിന്നും ഇത്തരത്തിൽ തുക ചെലവഴിച്ചതിന് വിശദീകരണം, ചെലവ് രേഖകൾ, ലഭ്യമാക്കിയ Bank Statement ന്റ കൃത്യത പരിശോധിക്കുന്നതിന് 2022-23,2021-22 വർഷങ്ങളിൽ ലഭ്യമായ ഇ-ടെണ്ടർ ഫീസ് തുകയുടെ വിശദാംശങ്ങൾ, ആധികാരിക രേഖകൾ, കുടിശ്ശിക ഇനത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാകേണ്ട തുകയുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നമ്പർ 38 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. 12888/- രൂപയുടെ ചെലവു രേഖകൾ ലഭ്യമാക്കേണ്ടതാണ്.

### 1-36 ആസ്തി രജിസ്റ്റർ അപൂർണ്ണം

സർക്കുലർ നം.58608/ഡി.ബി.2/2009/തസ്വഭവ തീയതി 13.01.2010 ഖണ്ഡിക 3.22 പ്രകാരം ആസ്തി രജിസ്റ്റർ കാലാകാലങ്ങളിൽ മാറ്റം വരുത്തേണ്ടതും, പരിഷ്കരിക്കേണ്ടതുമാണ്. ഓരോ സാമ്പത്തിക വർഷാരംഭത്തിലും മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്കു സമർപ്പിക്കേണ്ടതും, ഭരണസമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ ആസ്തി രജിസ്റ്റർ പുതുക്കേണ്ടതുമാണ്. പഞ്ചായത്ത് ഇപ്രകാരം ആസ്തി രജിസ്റ്റർ പുതുക്കിയിട്ടില്ല. പഞ്ചായത്ത് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പഴക്കമുള്ളതും, തുടർന്നുള്ള ആസ്തി വിവരങ്ങളൊന്നും തന്നെ അപ്ഡേറ്റ് ചെയ്യാത്തതുമാണ്. ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി വിവരങ്ങളാണ് കൂടുതലായും ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്ത് കോമ്പൗണ്ടിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ പോലും ആസ്തി രജിസ്റ്ററിൽ ലഭ്യമല്ല.

സ.ഉ.(കൈ)നം.255/2013/തസ്വഭവ തീയതി 18.07.2013 പ്രകാരം ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ പരിപാലിക്കാത്തതു സംബന്ധിച്ച് മുൻ റിപ്പോർട്ടുകളിലും പരാമർശിച്ചിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച് തുടർനടപടികളൊന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികൾ പൂർണ്ണമായും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പൂർത്തീകരിക്കേണ്ടതും, കാലാകാലങ്ങളിൽ ആസ്തി വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് പൂർണ്ണമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ന്യൂ ലൈഫ് ലക്ഷം വീട് കോളനി നവീകരണവും സമഗ്രവികസനവും (പട്ടികജാതി) 71/23 | 212000 | 40000 |

| | | | |
|---|---|---|---|
| | ലൈഫ് ഭവനനിർമാണം എസ് സി പി 69/23 | 500000 | 80000 |
| | ലൈഫ് ഭവനനിർമാണപദ്ധതി (ജനറൽ) 252/23 | 500000 | 280000 |
| | കേദാരം സമഗ്രനെൽകൃഷി വികസനം | 595000 | 503295 |
| | സ്നേഹസ്പർശം - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 226/23 | 570000 | 458375 |
| | ക്ഷീര സമൃദ്ധി 242/23 | 500000 | 200000 |
| ആകെ | | | 1561670 |
| ജില്ലാ പഞ്ചായത്ത് | ലൈഫ് 2020-ഭവനനിർമാണം എസ് സി പി 371/23 | 1100000 | 680000 |
| | കേദാരം സമഗ്രനെൽകൃഷി വികസനം | 595000 | 276257 |
| | സ്നേഹസ്പർശം - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 226/23 | 570000 | 458375 |
| | ക്ഷീര സമൃദ്ധി 242/23 | 500000 | 200000 |
| ആകെ | | | 1614632 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | മുന്നിരിപ്പ് (2021-22 , B-4 ഷെഡ്യൂൾ) | വരവ് (I 6 പ്രകാരം) | ആകെ | ചെലവ് (സൂലേഖ പത്രിക പ്രകാരം) | നീക്കിയിരിപ്പ് (2022-23 , B-4 ഷെഡ്യൂൾ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1835500 | 1561670 | 33971170 | 1561670 | 1835500 |
| ജില്ലാ പഞ്ചായത്ത് | 2050090 | 1614632 | 3664722 | 1614632 | 2050090 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നം, പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 264/23, റാപറമ്പ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 75000 | 75000 | 0 |
| | 269/23, അലത്തറവിളാകം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 75000 | 75000 | 0 |
| | 273/23, ഈഴക്കോണം കരിക്കിൻവിള സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 75000 | 75000 | 0 |
| | 382/23, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 17 | 174753 | 174753 | 0 |
| | 272/23, കരക്കാട്ട് മുതൽ കുഴിവിള വരെ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 175000 | 175000 | 0 |
| | 275/23, വല്യശ്ശേരി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 175000 | 175000 | 0 |
| | 270/23, ചാവല്ലൂർപൊറ്റ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 90344 | 90344 | 0 |
| | 82/23, ഊറ്റൻകുളങ്ങര സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 95666 | 95666 | 0 |
| | 22/23, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 2346053 | 2346053 | 0 |
| | 271/23, തോട്ടിൻകര വയ്ക്കാൽ വരമ്പ് കോളനി മുതൽ | 30000 | 30000 | 0 |

| | | | | |
|---|---|---|---|---|
| | തോട്ടിൻകര വരെ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | | | |
| | 78/23, പോസ്റ്റ് ഷിഫ്റ്റിംഗ് | 76224 | 76224 | 0 |
| | 274/23, നീരാഴിവെട്ടിവിള കാണിക്കുളം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 250000 | 250000 | 0 |
| ആകെ | | | 3638040 | |

ഡെപ്പോസിറ്റ് വർക്കിനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

| സ്ഥാപനം | മുന്നിരിപ്പ് | തിരികെ ലഭ്യമായ തുക | നൽകിയ തുക (ലഡ്ജർ പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 1230384 | ० | *1041010 | 2271394 |
| കേരള വാട്ടർ അതോറിറ്റി | 959678 | ** | 0 | 959678 |

* ചെലവുപത്രിക പ്രകാരം 3638040/- രൂപയാണ് 2022-23 വർഷം കെ.എസ്.ഇ.ബി യ്ക്ക് നൽകിയത്.

** 2022-23 വർഷം കേരള വാട്ടർ അതോറിറ്റിക്ക് തുക നൽകിയിട്ടില്ല. ധനകാര്യപത്രിക പ്രകാരം 32206/- രൂപ KWA യിൽ നിന്നും ഡെപ്പോസിറ്റ് വർക്കിന്റെ വിനിയോഗ ശേഷമുള്ള ബാക്കി തുക എന്നയിനത്തിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ ആയത് ബാധ്യത ശീർഷകത്തിൽ കുറവ് വരുത്തി ക്രമീകരിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഹഡ്കോ വായ്പ | 60034697 | 320000 | 5846265 | 54508432 |

ഹഡ്കോ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ചെലവുപത്രിക പ്രകാരവും, വി.ഇ.ഒ (ബി) സർക്കിൾ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരവും പഞ്ചായത്തിലെ എസ്.സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഹഡ്കോ ലോൺ (എസ്.സി.പി) ഫണ്ട് ഇനത്തിൽ വായ്പ ലഭ്യമായിട്ടില്ല. എന്നാൽ 2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് പ്രകാരം ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) എന്നയിനത്തിൽ 291183/- രൂപ കുറവ് വരുത്തിയിട്ടുണ്ട് (ജി.ഒ പ്രോജക്ട്) വിശദാംശങ്ങൾ ഖണ്ഡിക 1-26 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം, തീയതി |
|---|---|---|---|---|---|
| 1 | 2017-18 | 3.3 | 960 | ജറാഡ്, അസിസ്റ്റന്റ് സെക്രട്ടറി | 1220304259/06.01.23 |
| 2 | 2006-2007 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11 | 3.5 | 28637 | രവീന്ദ്രൻ, മുൻ മെമ്പർ എള്ളുവിള വീട് | 1220303533/18.11.22 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിൽനിന്നും ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3.4 | 2007-2008 | 3.5.1 | ബി ഫണ്ട്- കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ചതിൽ കൂടുതൽ ചെലവഴിച്ചു | 04.02.22 ലെ 28 തീരുമാനപ്രകാരം തുക ഒഴിവാക്കി നൽകുന്നതിന് KSADയോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 9559356 |
| ഓഡിറ്റ് വർഷത്തെ വരവ് | 107070455 |
| ആകെ | 116629811 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53314270 |
| നീക്കിയിരിപ്പ് | 63315541 |
| വരവിനങ്ങളിലുള്ള നഷ്ടം | - |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3058084 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 223627087/-രൂപയും ചെലവ് 230282109/-രൂപയുമാണ് .

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1,44,000/- | ഡോ. വിജീഷ് ഡബ്ല്യൂ.എസ്.<br>മെഡിക്കൽ ആഫീസർ, എഫ്.എച്ച്.സി. |
| 1-18 | 4,97,849/- | ശ്രീമതി ആർ.അനിത<br>സെക്രട്ടറി |
| 1-22 | 5,30,000/- | ശ്രീമതി ആർ.അനിത<br>സെക്രട്ടറി |
| 1-27 | 50,000/- | ഡോ. റെജിനോൾഡ്.ടി.ഐ.<br>മെഡിക്കൽ ഓഫീസർ.എഫ്.എച്ച്.സി. |
| 1-29 | 12,60,998/- | ശ്രീ.മനോജ്.ടി.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 1,25,000/- | ഡോ. ലേഖ ജോർജ്, വെറ്റിനറി സർജൻ |
| 1-31 | 2,97,699/- | ശ്രീമതി ആർ.അനിത<br>സെക്രട്ടറി |
| 1-34 | 1,52,538/- | ശ്രീമതി സൗമ്യ.എസ്, അസി.എഞ്ചിനീയർ |
| ആകെ | 30,58,084/- | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം .

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരംമേൽവിലാസം |
|---|---|---|---|
| 1 | ഡോ. വിജീഷ്.ഡബ്ല്യൂ.എസ് മെഡിക്കൽ ആഫീസർ. എഫ്.എച്ച്.സി. | മെഡിക്കൽ ഓഫീസർ. എഫ്.എച്ച്.സി. | ഗ്രേസ് നിവാസ്, പുല്ലാമല, അമരവിള .പി.ഒ |
| 2 | ഡോ. റെജിനോൾഡ്.ടി.ഐ. മെഡിക്കൽ ഓഫീസർ. എഫ്.എച്ച്.സി. | മെഡിക്കൽ ഓഫീസർ. എഫ്.എച്ച്.സി. | ആർ.ആർ. കോട്ടേജ്, പുത്തൻവിള, അയിര, പാറശ്ശാല .പി.ഒ |
| 3 | ശ്രീമതി ആർ.അനിത സെക്രട്ടറി | സെക്രട്ടറി, ചെങ്കൽഗ്രാമപഞ്ചായത്ത് | നിരഞ്ജനം, കൽപറ്റ ഗാർഡൻസ് നിയർ St. Mary's Church, |

| | | | |
|---|---|---|---|
| | | | പാപ്പനംകോട്. |
| 4 | ശ്രീ.മനോജ്.ടി.ആർ, അസിസ്റ്റന്റ് സെക്രട്ടറി | അസി. സെക്രട്ടറി, ചെങ്കൽ ഗ്രാമപഞ്ചായത്ത് | ട്രിജ, അരുമാനൂർ പി.ഒ |
| 5 | ഡോ. ലേഖ ജോർജ്, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ | പെരുമുട്ടത്ത്, MARA 94, പ്രിയദർശിനി ലൈൻ, മുട്ടട |
| 6 | ശ്രീമതി സൗമ്യ എസ്., അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | J.S. ഭവൻ, കഴിച്ചാണിവിള ഹൗസ്, ചെറുവാരക്കോണം. പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തീയതി 18.10.2022 | 2 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തീയതി 18.10.2022 | 1 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തിയതി 18.10.2022 | 3 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തീയതി 18.10.2022 | 10 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തീയതി 18.10.2022 | 5 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തീയതി 18.10.2022 | 7 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തീയതി 18.10.2022 | 8 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തീയതി 18.10.2022 | 5 |

| | | |
|---|---|---|
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തീയതി 18.10.2022 | 4 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തീയതി 18.10.2022 | 6 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തീയതി 18.10.2022 | 17 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തീയതി 18.10.2022 | 6 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തീയതി 18.10.2022 | 7 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തീയതി 18.10.2022 | 5 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1513/2022 തീയതി 18.10.2022 | 5 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1837/19, തീയതി 21.11.2020 | 15 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/663/2021, തീയതി 31.03.21 | 6 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1020/2022, തീയതി 31.03.21 | 36 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/66/2023, തീയതി 3.03.23 | 36 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ കാര്യാലയം, തിരുവനന്തപുരം

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 04-08-2023 and submitted on 04-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Chenkal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chenkal Grama Panchayat for the year 2022-2023

Date: 16/11/2023

Deputy Director
District Office Trivandrum
Kerala State Audit Department

## Audit Report appended to the Audit Certificate of Chenkal Grama Panchayat for the Year 2022-2023.

**1.Major Observations**

1. Deficit balance for the institution as per the Income & Expenditure statement.

Expenditure (Rs.230282109/-) exeeds income (Rs.223627087/-) as per Income & Expenditure Statement.

2. Misclassification of vocuher- Liability amount differed with actual amount.

1) The amount returned back from Kerala Water Authority (Rs.32206/-) on deposit work has not been adjusted by reducing the liability head.

2) An amount of 1041010/- for which Utilisation Certificate has been received from KSEB (Deposit work) has not been adjusted in B-18 schedule of balance sheet.

**2.Other Observations**

1) Mandatory financial statements prescribed in accounting rules are not submitted for audit.

Annual Ratios and Notes on Accounts as per rule 62-2 (f) of Kerala Panchayat Raj Accounts Rules, 2011 are not filed with the annual financial statements.

2) Cash flow statement-Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalence.

3) Lack of authenticated journal vouchers for supporting the adjustment entries recorded in journal book. Description for the journal entries and supporting documents for various journal voucher is neither submitted manually nor available in ILGMS for audit. Some examples are given below.

| Journal Voucher No date | Amount | Head of Expediture |
|---|---|---|
| 42201636/ 31.03.2023 | 50,000/- | Salaries - Permanent Staff |
| 42201608/31.03.23 | 4,80,000/- | State share life expenditure 2022-23 |
| 42201601/31.03.2023 | 7,63,028/- | Fund for Transferred Institution (Ayurveda Captial) |

4) Not providing adequate provision for expense due.

Eg- Provision is not recorded in Schedule B9 of the balance sheet for expenses that cannot be met within the financial year (eg. Honorarium of People's Representatives in March 2023, fuel expenses etc.).

5) Necessary registers are not maintained to validate the amounts in the annual accounts .
Since the deposit register, advance register and loan register have not been maintained, audit cannot verify the accuracy of the entries.

6) Registers not reliable for audit.
Rent/auction registers produced for audit not maintained properly as per KPR Accounts Rule 2011, R 58 (2) (E) (G).

7) Demand registers does not match with Financial Statments.

Entries in Employees profession tax do not match with information in the financial statements (ie, Demand, collection & Balance)

8) Lapse in making timely and accurate demand entries in respect of tax and non-tax revenue .
Eg. Property tax demand entry
9) Depreciation provided for asset is more than the book value.
Eg. Accumulated depreciation- Roads - (-44776346/-)
Asset - Roads - 36005448/-
10) The details of all bank accounts are not included in AFS.
eg: The details of PFMS account (Account No. 110043571614) opened in Canara Bank for the purpose of health grant is not included in the financial statement.
11) Amounts left to be spent do not match the balances in the bank/treasury accounts in which they are deposited.
In balance sheet ( B4 schedule) the balance in ICDS account is recorded as 2755692/-. But in sheet B17 it is recorded as 2616046/-.

12) Cheque deposited but not credited.
As per March 2023 Reconciliation Statement of own Fund Account (Kerala Gramin Bank Account No. 40348101052967) an amount of Rs.64758/- is shown as Cheque deposited but not credited. But the validity of the above cheques are expired.

13) Cheques uncashed for more than 3 months were not transfered to Stale cheque head.

14) Bank statements of the following accounts recorded in Annual Financial Statements are not produced for audit.

| Account No | Closing Balance |
|---|---|

| | |
|---|---|
| | (RP40b) |
| Nationalised bank account of own revenue fund | 21141 |
| District Co-operative bank (20461201200001) | 13306 |
| TSB Own fund 702051400000008 | 49211 |
| Treasury A/C. Covid | 150984 |
| Canara bank 358801011324 | 8646 |
| SBI 57060694959 | 21828 |

15) The valuation of stock & stores are not done at the end of the financial year and also not included in B-14, stock in hand schedule.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്